കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി8-1174/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
തീയതി.19.09.17
ഫോൺ: 0477-2252753
ഇ.മെയിൽ:ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത്- 2016 - 17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി8-1174/2017 തീയതി.19.09.2017

# ആലപ്പുഴ ജില്ലയിലെ പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്ത് 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആലപ്പുഴ ജില്ലയിലെ പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.11.2016 മുതൽ 31.03.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണ ക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി.ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 22.08.2017മുതൽ 31.08.2017 വരെ | ശ്രീ.വിജയകുമാർ.എൻ, ഓഡിറ്റ് ഓഫീസർ<br>ശ്രീ.ഫമിൻ.എസ്.എം. സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.ജാക്വലിൻ.പി.ഡബ്ല്യൂ, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി. രഞ്ജു പ്രകാശ്, ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

### 1) പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീമതി. സുവർണ്ണ പ്രതാപൻ | 01.04.2016 മുതൽ 31.03.2017 വരെ |

### 2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ.വി.ജെ.പോൾ | 01.04.2016 മുതൽ 31.03.2017 വരെ |

3) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീ.ജഗന്നാഥൻ.ബി | 01.04.2016 മുതൽ 31.03.2017 വരെ |
| 2 | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി. നജ് ല നബീസത്ത് | 01.04.2016 മുതൽ 31.03.2017 വരെ |
| 3 | വി.ഇ.ഒ, കളർകോട് | ശ്രീമതി.ഷെറീന.റ്റി.എച്ച് | 01.04.2016 മുതൽ 20.07.2016 വരെ |
| | | ശ്രീ.സജിത്ത് രാജ്.എൻ | 21.07.2016 മുതൽ 31.03.2017 വരെ |
| | വി.ഇ.ഒ, വാടക്കൽ | ശ്രീ.അഭിലാഷ്.എം.എ | 01.04.2016 മുതൽ 31.03.2017 വരെ |
| 4 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീമതി.ബിന്ദു.കെ.ഒ | 01.04.2016 മുതൽ 31.03.2017 വരെ |
| 5 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, | ഡോ.കെ. രാധാകൃഷ്ണൻ | 01.04.2016 മുതൽ 31.03.2017 വരെ |
| 6 | അസിസ്റ്റന്റ് എഞ്ചിനീയർ | വിഷ്ണു.എസ് | 01.04.2016 മുതൽ 25.10.2016 വരെ |
| | | ഷംന ഹാഷിം | 26.10.2016 മുതൽ 31.03.2017 വരെ |
| 7 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ഗീത.എസ് | 01.04.2016 മുതൽ 24.08.2016 വരെ |
| | | ശ്രീമതി.സിനി.എസ്.നായർ | 25.08.2016 മുതൽ 31.03.2017 വരെ |
| 8 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.കെ.ജി. ഹരികുമാർ | 01.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം

| ക്രമ നം. | ഖണ്ഡിക നം. | ഭാഗം – 1 |
|---|---|---|
| 1 | 1-1മുതൽ 1-9 വരെ | പൊതുഅവലോകനം |
| | | ഭാഗം – 2 |
| 2 | 2-1 | വസ്തു നികുതി നിർണ്ണയത്തിൽ അപാകങ്ങൾ |
| 3 | 2-2 | തൊഴിൽ നികുതി - തുക പൂർണ്ണമായും ഈടാക്കിയിട്ടില്ല |
| 4 | 2-3 | വാടക - കുടിശ്ശിക നാളിതുവരെ ഈടാക്കിയിട്ടില്ല |
| 5 | 2-4 | മൊബൈൽ ടവറുകളുടെ വസ്തുനികുതി |
| 6 | 2-5 | ഡി ആന്റ് ഒ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു |
| 7 | 2-6 | ടെണ്ടർഫീസ് ഈടാക്കിയത് തനത്ഫണ്ടിൽ വരവു വെച്ചില്ല |
| 8 | 2-7 | പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അൺ-എയ്ഡഡ് സ്കൂളുകൾക്ക് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നല്കുന്നില്ല |
| 9 | 2-8 | അങ്കണവാടികൾക്ക് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല |
| | | ഭാഗം – 3 |
| 10 | 3-1 | ഐ.എസ്.ഒ സർട്ടിഫിക്കേഷൻ- പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ, കമ്പ്യൂട്ടറിന് അധിക വില നൽകി |
| 11 | 3-2 | ഡിപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല |
| 12 | 3-3 | ഔഷധങ്ങൾ പൂർണ്ണമായി ലഭിച്ചിട്ടില്ല |
| 13 | 3-4 | മൃഗാശുപത്രി കെട്ടിട നിർമ്മാണം - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ |
| 14 | 3-5 | ആയുർവേദ ആശുപത്രി കോംപ്ലക്സ് നിർമ്മാണം - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ |
| 15 | 3-6 | യഥാസമയം കരാർ ചമയ്ക്കാതിരുന്ന കരാറുകാരനിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയില്ല |
| 16 | 3-7 | മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വനിതകൾക്ക് തായ്ക്കോണ്ട പരിശീലനം |
| 17 | 3-8 | MGNREGS- മെറ്റീരിയൽ വാങ്ങൽ വാറ്റ് ഈടാക്കാത്തത് സംബന്ധിച്ച് |
| 18 | 3-9 | എസ്.ഡബ്ല്യു.എസ് ജംഗ്ഷൻ മുതൽ കിഴക്കോട്ട് കളർകോട് ക്ഷേത്രം വരെ റോഡ് ടാറിംഗ് പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ |
| 19 | 3-10 | പഞ്ചായത്ത് ഓഫീസിനു അനുബന്ധ കെട്ടിടം - എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ തുകയും പിൻവലിച്ചു - പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ല |
| 20 | 3-11 | ശുചിത്വഗ്രാമസഭ – അധിക തുക ചെലവഴിച്ചു |
| 21 | 3-12 | വീട്ട് മുറ്റം പദ്ധതി - പ്രവർത്തനത്തിൽ ഏകോപനമില്ല |
| 22 | 3-13 | വെള്ളക്കരം - ഭീമമായ കുടിശ്ശിക |
| 23 | 3-14 | തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ്ജ്-ഓർഡിനറി ബൾബുകളുടെ പേരിൽ അധികതുക നൽകുന്നു |
| 24 | 3-15 | മാലിന്യസംസ്കരണ പദ്ധതികൾ കടലാസിലൊതുങ്ങി |
| 25 | 3-16 | ദുരിതാശ്വാസ നിധി നിർജ്ജീവമായി തുടരുന്നു |
| | | ഭാഗം – 4 |
| 26 | 4-1 | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 27 | അനുബന്ധം | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 3.03.16 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 93035000 | 98549000 |
| വാർഷിക കണക്ക് പ്രകാരം | 57558431 | 50353235 |

സർക്കാർ നേരിട്ട് വിതരണം ചെയ്ത ക്ഷേമപെൻഷനുകൾക്ക് ചെലവായ 30373590/-രൂപ, എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതിയിൽ ഇ.എഫ്.എം.എസ് വഴി വരവ് വന്ന 48465000/- രൂപ എന്നിവയുടെ തുകയായ78838590/-രൂപ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ ഉൾപ്പെട്ടിട്ടില്ല. ഇവകൂടി ചേർത്താൽ യഥാർത്ഥ വരവ് ചെലവുകൾ യഥാക്രമം 136397021, 129191813 രൂപയാണ്. ഇത് ബജറ്റ് എസ്റ്റിമേറ്റിനേക്കാൾ യഥാക്രമം 4.34, 3.05കോടി അധികമാണ്. ഫണ്ട്, ഫങ്ഷൻ, ഫങ്ഷണറി അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ഏതിനങ്ങളിലാണ് വർദ്ധനവ് ഉണ്ടായതെന്ന് നിർണ്ണയിക്കാനായിട്ടില്ല.

### 1-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പരിശോധിച്ച് വിശേഷണങ്ങളോടുകൂടിയ (ക്വാളിഫൈഡ്) സർട്ടിഫിക്കറ്റ് നൽകുന്നു.

(വിശദ വിവരം ഖണ്ഡിക- 4-1 കാണുക)

### 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 12900952 | 11804490 | 91.5 |
| വികസനഫണ്ട് എസ്.സി.പി. | 2170575 | 2127280 | 98.00 |
| വികസനഫണ്ട് ടി.എസ്.പി. | 122142 | 80142 | 65.61 |
| സംരക്ഷണഗ്രാന്റ് റോഡ് | 3945552 | 3208739 | 81.33 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 3491865 | 3136052 | 89.81 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 7235322 | 5962634 | 82.41 |
| ലോക ബാങ്ക് സഹായം | 3788842 | 3609745 | 95.27 |
| ബി ഫണ്ട് | 30830430 | 30830430 | 100 |
| എം.എൻ.ആർ.ഇ.ജി.എസ് | 49711799<br>(4122/-രൂപ മുന്നിരിപ്പ് ഉൾപ്പടെ) | 49501243 | 99.57<br>(നീക്കിയിരുപ്പ് - 210556 രൂപ) |

### 1-4.പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കിയത് | പദ്ധതി | ഭാഗികമായി | നടപ്പാക്കാത്തവ | പൂർത്തീകരിച്ചത്- |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | (എണ്ണം) | ചെലവ് | നടപ്പാക്കിയത് (എണ്ണം) | (എണ്ണം) | ശതമാനം |
|---|---|---|---|---|---|---|
| 121 | 45569122 | 104 | 32516437 | 2 | 15 | 86 |

1-5 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 41.27ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (2015-16) | തൻവർഷം (2016-17) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5843144 | 8934013 | 3090869 | 52.90 |
| നികുതിയേതര വരവുകൾ | 1191220 | 1102008 | (-)89212 | (-)7.49 |
| മറ്റ് വരവുകൾ | 523183 | 640749 | 117566 | 22.47 |
| ആകെ | 7557547 | 10676770 | 3119223 | 41.27 |

1-6 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് തൻവർഷം നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളിലൂടെ 3449 ഗുണഭോക്താക്കൾക്കായി 30830430/-രൂപ വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 456840 | 236 |
| കർഷകതൊഴിലാളി പെൻഷൻ | 6117070 | 722 |
| വിധവാപെൻഷൻ | 6771910 | 805 |
| വാർദ്ധക്യകാലപെൻഷൻ | 13059850 | 1204 |
| വികലാംഗപെൻഷൻ | 2963350 | 354 |
| അവിവാഹിതപെൻഷൻ | 1041410 | 114 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 420000 | 14 |
| ആകെ | 30830430 | 3449 |

1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.8.2017-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 155736/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-8 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.07.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. എന്നാൽ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് സംബന്ധിച്ച് അപാകതകളുള്ളതായി കാണുന്നു. കെട്ടിട നിർമ്മാണ പെർമിറ്റുകളുടെ അപേക്ഷ രജിസ്റ്റർ കൃത്യമല്ല. ലഭിച്ച മുഴുവൻ അപേക്ഷകളും രജിസ്റ്ററിൽ ചേർത്തിട്ടില്ല. അപേക്ഷകൾ ലഭിക്കുമ്പോളല്ല, പകരം പെർമിറ്റ് നൽകുമ്പോളാണ് രജിസ്റ്ററിൽ വിവരം ചേർക്കുന്നത്. ഇത് പോലും പൂർണ്ണമല്ല. അനധികൃത നിർമ്മാണം ക്രമവത്കരിക്കുന്നത് സംബന്ധിച്ച കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അനുബന്ധം 'ഐ' ൽ

ഉള്ള അപേക്ഷ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ചട്ടങ്ങൾ അനുശാസിക്കുന്ന മാതൃകയിൽ ഉത്തരവ് പുറപ്പെടുവിക്കാതെയാണ് അനധികൃത നിർമ്മാണം ക്രമവത്കരിക്കുന്നത്. തെരുവ് വിളക്കുകൾ, പൊതു ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ്കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21/07/2017 | 06/2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11/06/2007 | 2006-07 | 23/7/2007 |

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വസ്തു നികുതി നിർണ്ണയത്തിൽ അപാകങ്ങൾ

2016 – 17 വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് നടത്തിയ വസ്തുനികുതി പരിശോധനയിൽ താഴെ പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചതിൽ അപാകങ്ങളുണ്ടായിട്ടുള്ളതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

(1) വസ്തുനികുതി നിർണ്ണയ ഫയൽ, കംപ്ലീഷൻ പ്ലാൻ എന്നിവ പരിശോധിച്ചതിൽ ശ്രീ.സജി ആന്റണി കുളക്കരയിൽ ഉടമസ്ഥതയിലുള്ള X/443A നം. വാണിജ്യാവശ്യത്തിനെന്ന് രേഖപ്പെടുത്തിയിട്ടുള്ള 30.65 ച.മീ തറവിസ്തീർണ്ണമുള്ള കെട്ടിടത്തെ സഞ്ചയസോഫ്റ്റ് വെയർ ഫോം സിക്സ് പരിശോധിച്ചതിൽ പാർപ്പിടാവശ്യമെന്ന ഉപയോഗക്രമം രേഖപ്പെടുത്തിയാണ് നികുതി അസ്സസ് ചെയ്തിട്ടുള്ളത്. ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചതുമൂലം നികുതി നിർണ്ണയത്തിൽ കുറവുണ്ടായിട്ടുണ്ട്. ഈ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 10) ഒക്യുപ്പൻസി പിന്നീട് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും എന്ന മറുപടിയാണ് ഹാജരാക്കിയിട്ടുള്ളത്. അതിനാൽ കെട്ടിടത്തിന്റ ഉപയോഗക്രമം ശരിയായി രേഖപ്പെടുത്തി നികുതി പുനർനിർണ്ണയിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

(2)ശ്രീ.എ.കെ, ലാലിച്ചൻ കണിച്ചേരിൽ, ലാൽഭവൻ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള പാർപ്പിടാവശ്യത്തിനുള്ള 289.44 ച.മീ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന് 2/39A, 2/39B, 2/39C, 2/39D എന്നിങ്ങനെ നാല് നമ്പറുകൾ നൽകിയിട്ടുണ്ട്. പാർപ്പിടാവശ്യത്തിനുള്ള ഒരു കെട്ടിടത്തിന്റെ തന്നെ ഓരോ ഭാഗത്തിനും 66.69 ച.മി തറവിസ്തീർണ്ണത്തിലാണ് നാല് നമ്പറുകൾ നൽകി കെട്ടിടത്തിന്റെ നികുതി അസ്സസ്ചെയ്തിട്ടുള്ളത്. കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 289.44 ച.മീ, ആണെങ്കിലും നാല് നമ്പറുകൾ നൽകി നികുതി ഈടാക്കിയിട്ടുള്ളത് 266.76 ച.മീ തറവിസ്തീർണ്ണത്തിന് മാത്രമാണ്. ഈ അപാകതയ്ക്ക് വിശദീകരണം ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.16) കെട്ടിടത്തിന്റെ തറവിസ്തീർണ്ണം സംബന്ധിച്ച് പരിശോധന നടത്തി നിയമ പ്രകാരമുള്ള നികുതി ഈടാക്കുന്നതായിരിക്കും എന്ന മറുപടി ഹാജരാക്കിയിട്ടുണ്ട്. കെട്ടിടത്തിന്റ തറവിസ്തീർണ്ണത്തിൽ കുറവ് വന്ന 22.68 ച.മീറ്ററിന് 71/- രൂപ നിരക്കിൽ നികുതി കണക്കാക്കി കെട്ടിടത്തിന്റെ നികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

(3) കെ. കെ. സാഹിദ് ഉടമസ്ഥതയിലുള്ള 16/444 A നം. വ്യവസായാവശ്യത്തിനുള്ള കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം തറവിസ്തീർണ്ണം 162.24 ച.മീ ആണ്. എന്നാൽ സഞ്ചയസോഫ്റ്റ് വെയർ ഫോം സിക്സ് പ്രകാരം 129.79 ച.മീ തറവിസ്തീർണ്ണത്തിന് മാത്രമാണ് നികുതി അസ്സസ് ചെയ്തിട്ടുള്ളത്. 32.46 ച.മീറ്ററിന് ഇതരവ്യവസായാവശ്യങ്ങൾക്കുള്ള കുറവ് വന്ന 60/- രൂപ നിരക്കിൽ 1948/- രൂപ നികുതി കണക്കാക്കി കെട്ടിടത്തിന്റെ നികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

(4) ശ്രീമതി. ഷീജ ജോയി കാവിൽ വടക്കേതിൽ ഉടമസ്ഥതയിലുള്ള 217 ച.മീ തറവിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തെ വാണിജ്യാവശ്യത്തിനുള്ള കെട്ടിടമാക്കുന്നതിനേക്കായി 73 ച.മീ തറവിസ്തീർണ്ണമുള്ള 3 കടമുറികളാക്കുകയും, കടമുറികൾക്ക് 7/49, 7/49A, 7/49B എന്നീ നമ്പറുകൾ നൽകിയതായും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സഞ്ചയസോഫ്റ്റ് വെയർ ഫോം സിക്സ് പരിശോധിച്ചതിൽ 20 $m^2$ തറവിസ്തീർണ്ണമുള്ള 2 കടമുറികൾക്ക് 7/49A, 7/49B നമ്പറുകൾ നൽകി മാത്രമേ നികുതി അസ്സസ് ചെയ്തിട്ടുള്ളൂ. ഈ

അപാകത ചൂണ്ടിക്കാട്ടി നൽകിയ എൻക്വയറിക്ക് (നം.10) മറുപടി ലഭ്യമാക്കിയില്ല. ഫയലിൽ രേഖപ്പെടുത്തിയത് കൂടാതെ മറ്റ് ഏതെങ്കിലും നമ്പറുകൾ നൽകി ഈ കെട്ടിടത്തിന്റെ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം തറവിസ്തീർണ്ണം കണക്കാക്കിയതിലുള്ള തെറ്റ് പരിഹരിച്ച് നികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി - തുക പൂർണ്ണമായും ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, അർദ്ധ വാർഷിക പത്രിക എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

(1)തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്.

പറവൂർ വില്ലേജ് ഓഫീസിൽ നിന്നും 2-ാം അർദ്ധവർഷം സമർപ്പിച്ച തൊഴിൽ നികുതി പത്രികയിൽ ശ്രീ.റഷാദ്.എ, വി.എഫ്.എ യുടെ അർദ്ധവർഷ വരുമാനം 1,33,525/- രൂപയാണ്. ടിയാളിൽ നിന്നും തൊഴിൽ നികുതിയായി ഈടാക്കിയിരിക്കുന്നത് 1000/- രൂപയാണ് (രസീത് നം., തീയതി -11601500062/17.02.17). തൊഴിൽ നികുതിയായി ഈടാക്കേണ്ട തുക -1250/- രൂപയാണ്. കുറവ് -250/-

(2) തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | ഈടാക്കിയ അർദ്ധവർഷം | തുക | രസീത് നം., തീയതി | റിമാർക്സ് |
|---|---|---|---|---|
| ഗവ.ഹോമിയോ ഡിസ്പെൻസറി | 1 | 2330 | 11601101642/ 06.09.16 | രണ്ടാം അർദ്ധ വർഷം തുക ഈടാക്കിയിട്ടില്ല |
| എ.എൻ.ആർ.ഇ. ജി. എസ്, അമ്പലപ്പുഴ ബ്ളോക്ക് | 1 | 1750 | 116011 30.09.16 | രണ്ടാം അർദ്ധ വർഷം തുക ഈടാക്കിയിട്ടില്ല |
| ജോൺസ് ഇൻഡസ്ട്രീസ്, വാടയ്ക്കൽ | 2 | 2250 | 116110443/ 07.03.17 | ഒന്നാം അർദ്ധ വർഷം തുക ഈടാക്കിയിട്ടില്ല |
| ബോണാൻസ, ഹോട്ടൽ | 1 | 7400 | 11601103247/ 20.01.17 | രണ്ടാം അർദ്ധ വർഷം തുക ഈടാക്കിയിട്ടില്ല |
| ആകെ | | 13730 | | |

ഓഡിറ്റ് വർഷം തുക പൂർണ്ണമായും ഈടാക്കിയിട്ടില്ലാത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ഈടാക്കുവാൻ ബാക്കി നില്ക്കുന്ന തുക ഈടാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പരാമർശത്തിൻമേൽ സ്വീകരിച്ച തുടർ നടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 വാടക - കുടിശ്ശിക നാളിതുവരെ ഈടാക്കിയിട്ടില്ല

മാവേലി സ്റ്റോർ പ്രവർത്തിപ്പിക്കുന്നതിനായി വാടകയ്ക്ക് നല്കിയ കെട്ടിടത്തിന്റെ (VIII/202) വാടകയിനത്തിൽ 2014-15 വർഷം കുടിശിക വരുത്തിയ തുകയായ 1749/- രൂപ നാളിതുവരെ ഈടാക്കിയിട്ടില്ല. വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം ഈ സ്ഥാപനത്തിൽ നിന്ന് തുടർന്ന് വരുന്ന വർഷങ്ങളിൽ തുക പൂർണ്ണമായും ഈടാക്കിയിട്ടുണ്ട്. ആയതിനാൽ, കുടിശ്ശിക തുക ഈടാക്കാതെ തുടർന്നുള്ള വർഷങ്ങളിൽ തുക ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് തുക ഈടാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4 മൊബൈൽ ടവറുകളുടെ വസ്തുനികുതി

പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന മൊബൈൽ ടവറുകൾക്ക് 14.01.2011 - ലെ സർക്കാർ ഉത്തരവ് നം. 19/2011/ ത.സ്വ.ഭ.വ പ്രകാരം തറ വിസ്തീർണ്ണാടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. മൊബൈൽ ടവറുകൾക്ക് ചതുരശ്ര മീറ്ററിന് 500/- രൂപയാണ് വസ്തുനികുതിയായി നിശ്ചയിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിൽ 17 വാർഡുകളുണ്ട്. എന്നാൽ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പ്രകാരം ആകെ രണ്ട് ടവറുകളുടെ നികുതി മാത്രമാണ് അസ്സസ്സ് ചെയ്തിട്ടുള്ളത്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പേര് വിവരം | വാർഡ്/കെട്ടിട നം. | വിസ്തീർണ്ണം | നിർണ്ണയിച്ച വസ്തുനികുതി | പരാമർശം |
|---|---|---|---|---|---|
| 1 | ഇൻഡസ് ടവേഴ്സ് | 14/525 | 13 ച.മീ. | 6825 | 2013-14 മുതൽ |
| 2 | ഇൻഡസ് ടവേഴ്സ് | 14/307 | 13 ച.മീ. | 7560 | |

17 വാർഡുകളുള്ള പഞ്ചായത്തിൽ കേവലം ഒരു വാർഡിൽ മാത്രമേ മൊബൈൽ ടവറുള്ളു എന്നത് വസ്തുതാപരമല്ല. പഞ്ചായത്ത് പ്രദേശത്ത് നിലവിലുള്ള എല്ലാ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ക്രമ നം. 1 പ്രകാരമുള്ള മൊബൈൽ ടവറിന്റെ വസ്തു നികുതി 14-15 മുതൽ നാളിതുവരെ ഒടുക്കിയിട്ടില്ലാത്തതായി കാണുന്നു. വസ്തു നികുതി ഇനത്തിലുള്ള കുടിശ്ശിക തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 2-5 ഡി ആന്റ് ഒ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ഡി ആന്റ് ഒ ലൈസൻസ് അപേക്ഷ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന 264 കച്ചവടക്കാരാണുള്ളത്. എന്നാൽ, ട്രേഡേഴ്സ് ലിസ്റ്റിൽ 379കച്ചവടക്കാർ പ്രവർത്തിക്കുന്നതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. നിയമാനുസൃതമായി ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങൾ 264എണ്ണം മാത്രമാണ്. ലൈസൻസ് എടുക്കാതെ നിരവധി സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നു എന്ന് ട്രേഡേഴ്സ് ലിസ്റ്റ് വ്യക്തമാക്കുന്നു. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടിയിൽ മുൻകാലങ്ങളിലെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുന്ന കച്ചവടക്കാരിൽ നിന്നും കച്ചവടം നിർത്തലാക്കിയവരെ ഒഴിവാക്കുവാൻ വിട്ടുപോയതിനാലാണ് ഇപ്രകാരം വ്യത്യാസം വന്നത് എന്ന മറുപടി തൃപ്തികരമല്ല. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 ടെണ്ടർഫീസ് ഈടാക്കിയത് തനത്ഫണ്ടിൽ വരവു വെച്ചില്ല

2016-2017സാമ്പത്തിക വർഷം ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവർത്തികളുടെ ടെണ്ടർഫീസ് ഇനത്തിൽ ലഭിച്ച തുക ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ഓൺലൈനായി ട്രാൻസ്ഫർ ചെയ്തിരുന്നു. ടെണ്ടർ ഫീസ് ഇനത്തിൽ ലഭിച്ച തുക പഞ്ചായത്തിന്റെ തനതുഫണ്ട് വരവുവെക്കേണ്ടതായതിനാൽ തിരികെ ഈടാക്കി പഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവർത്തിയുടെ പേര് | ടെണ്ടർ സമർപ്പിച്ചവരുടെ എണ്ണം | ടെണ്ടർ ഫീസ് | ആകെ തുക |
|---|---|---|---|---|
| 1 | പേരൂർ കോളനി റോഡ് കോൺക്രീറ്റിംഗ് | 2 | 2630 | 5260 |
| 2 | എസ്.ഡബ്ല്യു.എസ് ജംഗ്ഷൻ മുതൽ കിഴക്കോട്ട് കളർകോട് ക്ഷേത്രം വരെ റോഡ് ടാറിംഗ് | 3 | 1410 | 4230 |
| 3 | ഈസ്റ്റ് വെനീസ് പഴയനടക്കാവ് | 1 | 840 | 840 |
| 4 | അങ്കണവാടി മെയിന്റനൻസ് | 1 | 1050 | 1050 |
| 5 | ബഡ്സ് സ്കൂൾ ട്രസ്സ് വർക്ക് | 2 | 1260 | 2520 |

| | | | | |
|---|---|---|---|---|
| 6 | ഈസ്റ്റ് വെനീസ് പഴയനടക്കാവ് (റീ ടെണ്ടർ) | 1 | 840 | 840 |
| 7 | പി.എച്ച്.സി സൗകര്യം വർദ്ധിപ്പിക്കൽ | 1 | 1470 | 1470 |
| | ആകെ | | | 16210 |

## 2-7 പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അൺ-എയ്ഡഡ് സ്കൂളുകൾക്ക് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നല്കുന്നില്ല

പൊതു വിദ്യാഭ്യാസ വകുപ്പ് ഉത്തരവ് നം. ജി.ഒ (ആർ.റ്റി) 2427/2007, പൊ.വി.01.08.2007 പ്രകാരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന അൺ-എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നല്കുന്നതിന് എൽ.എസ്.ജി.ഡി എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജി.ഒ (പി) 84197/പി.ഡബ്ളിയു & റ്റി, 19.08.1997 അനുസരിച്ച് അൺ-എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നെസ് ഫീ പ്രതിവർഷം 1000/- രൂപയാണ്. 2016-17 വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം ടി ഇനത്തിൽ വരവില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിൽ 3അൺ - എയ്ഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നതായി തൊഴിൽ നികുതി പത്രികകൾ പരിശോധിച്ചതിൽ കാണുന്നു. പ്രസ്തുത സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ ഹാജരാക്കിയ മറുപടിയിൽ പ്രസ്തുത സ്കൂളുകൾ നാളിതുവരെ അപേക്ഷ നൽകിയിട്ടില്ലായെന്നും ആവശ്യമായ തുടർ നടപടി സ്വീകരിക്കുന്നതാണെന്നുമറിയിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അൺ - എയ്ഡഡ് സ്കൂളുകളിൽ നിന്നും ഫിറ്റ്നെസ് ഫീ ഈടാക്കി സർട്ടിഫിക്കറ്റ് നല്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 2-8 അങ്കണവാടികൾക്ക് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം. 31055/ഡി.സി.2/2011 തീയതി 22.03.2011 പ്രകാരം തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ എല്ലാ വർഷവും മെയ് 10 നകം വാടക കെട്ടിടങ്ങളിൽ പ്രവൃത്തിക്കുന്നവ ഉൾപ്പടെയുള്ള എല്ലാ അങ്കണവാടികളിലും സന്ദർശനം നടത്തി മെയ് 30 നകം ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകുന്നതിനും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കുവാൻ പാടില്ലെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് അസിസ്റ്റന്റ് എഞ്ചിനീയർ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ ഹാജരാക്കിയ മറുപടിയിൽ ആവശ്യമായ തുടർ നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. എല്ലാ അങ്കണവാടികളും വാർഷിക അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനയോഗ്യമാക്കുന്നതിനും മതിയായ സുരക്ഷിതത്വമില്ലാത്തവ മാറ്റി സ്ഥാപിക്കുന്നതിനും അപകടകരമായ അവസ്ഥയിൽ ഉള്ളവയിൽ അദ്ധ്യയനം നടക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിനും ഉയർന്ന പരിഗണന നൽകേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഐ.എസ്.ഒ സർട്ടിഫിക്കേഷൻ- പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ, കമ്പ്യൂട്ടറിന് അധിക വില നൽകി

പദ്ധതിയുടെ പേര്, നമ്പർ - ഐ.എസ്.ഒ സർട്ടിഫിക്കേഷൻ, S0017/17

അടങ്കൽ - 485575

ചെലവ് - 263050/-രൂപ (പ്ലാൻ ഫണ്ട് -13626രൂപ, ബിൽ നം. 35/16-17,തീയതി 30/3/1, തനത് ഫണ്ട്- 249424രൂപ, ചെക്ക് നമ്പർ. 1576410, തീയതി 30/3/17)

പദ്ധതിയുടെ പേര്, നമ്പർ - ഐ.എസ്.ഒ സർട്ടിഫിക്കേഷൻ, S0017/17

അടങ്കൽ - 485575

ചെലവ് - 263050/-രൂപ (പ്ലാൻ ഫണ്ട് -13626രൂപ, ബിൽ നം. 35/16-17,തീയതി 30/3/1, തനത് ഫണ്ട്- 249424രൂപ, ചെക്ക് നമ്പർ. 1576410, തീയതി 30/3/17)

ടെൻടർ അംഗീകരിച്ച കമ്മറ്റി തീരുമാനം - 6/3/17 ലെ 2/7 നമ്പർ തീരുമാനം.

പ്രസ്തുത പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

ക) ഐ.എസ്.ഒ സർട്ടിഫിക്കേഷന് വേണ്ടി പ്രോജക്ട് വിഭാവനം ചെയ്യുകയും അതേ ആവശ്യം കാണിച്ച് ടെൻഡർ പരസ്യം (എ3/250/16, തീയതി 10/2/17) നൽകുകയും ചെയ്തു. എന്നാൽ ആൽഫാനെറ്റ് സിസ്റ്റം, ചേർത്തല; ഐ.റ്റി പാർക്ക് സിസ്റ്റം ചേർത്തല എന്നീ രണ്ട് സ്ഥാപനങ്ങളാണ് ടെൻഡർ സമർപ്പിച്ചത്. ഈ രണ്ട് സ്ഥാപനങ്ങളും ഐ.എസ്.ഒ സർട്ടിഫിക്കേഷന് കൺസൾട്ടന്റ് ആക്കാൻ സർക്കാർ നിശ്ചയിച്ച യോഗ്യത ഉള്ളവയല്ല, പകരം കമ്പ്യൂട്ടർ വിൽപ്പനയും സർവ്വീസും നടത്തുന്ന സ്ഥാപനങ്ങൾ മാത്രമാണ്. എന്നിട്ടും ഇവരുടെ ടെൻഡർ സ്വീകരിച്ചത് ചട്ടവിരുദ്ധമാണ്.

ഖ) പ്രസ്തുത പദ്ധതി മൂന്ന് കമ്പ്യൂട്ടർ, ആറ് പ്രിന്റർ, ഓരോ സ്കാനർ, ടച്ച് സ്ക്രീൻ കമ്പ്യൂട്ടർ, പ്രൊജക്ടർ, ഫ്രണ്ട് ഓഫീസ് ടോക്കൺ എന്നിവ വാങ്ങാനും നെറ്റ് വർക്കിംഗ്, റിക്കാഡ് റൂം എന്നിവ സജ്ജീകരിക്കാനുമാണ് വിഭാവനം ചെയ്യപ്പെട്ടത്. എന്നാൽ ആറ് കമ്പ്യൂട്ടർ, ആറ് പ്രിന്റർ എന്നിവ മാത്രമാണ് വാങ്ങിയത്. പ്രോജക്ടിൽ നിന്ന് വ്യതിചലിച്ചതിന്റെ കാരണം വ്യക്തമാക്കിയില്ല. കമ്പ്യൂട്ടറും പ്രിന്ററും വാങ്ങാനായി പദ്ധതി ആസൂത്രണം ചെയ്ത് അതിനായി ടെൻടർ ക്ഷണിച്ച് വാങ്ങാതിരുന്നതിന്റെ കാരണവും വ്യക്തമാക്കേണ്ടതാണ്. ഇവക്കായി മാത്രം ടെൻഡർ ക്ഷണിച്ചിരുന്നെങ്കിൽ ആലപ്പുഴയിൽ അടക്കമുള്ള കൂടുതൽ കമ്പ്യൂട്ടർ സ്ഥാപനങ്ങൾ ടെൻഡറിൽ പങ്കെടുക്കാനും സാദ്ധ്യത ഉണ്ടായിരുന്നു. ടെൻഡർ പരസ്യത്തിൽ പറയുന്നതിൽ നിന്ന് വ്യത്യസ്തമായ രീതിയിൽ രണ്ട് സ്ഥാപനങ്ങൾ മാത്രം ടെൻഡർ സമർപ്പിക്കുകയും അതിൽ ഒന്നിൽ നിന്ന്, പ്രോജക്ടിനും ടെൻഡർ പരസ്യത്തിനും എന്തിന് ടെൻഡർ ഷെഡ്യൂളിനുപോലും വിരുദ്ധമായി ഉപകരണങ്ങൾ വാങ്ങുകയും ചെയ്തതിന്റെ കാരണവും വ്യക്തമല്ല.

ഗ) ടെൻഡർ പരസ്യത്തിൽ ആവശ്യമായ സാധനങ്ങളുടെ വിവരങ്ങൾ ഒന്നും ചേർത്തിട്ടില്ല. കമ്പ്യൂട്ടറിന്റെ സ്പെസിഫിക്കേഷൻ പോലും പറയാതെ ടെൻഡർ ക്ഷണിച്ചതുമൂലം പഞ്ചായത്തിന്റെ ആവശ്യകത പരിഗണക്കപ്പെട്ടില്ല എന്ന് വ്യക്തമാണ്. മൂന്ന് കമ്പ്യൂട്ടർ വാങ്ങാനാണ് പദ്ധതി എന്നതിനാൽ പഞ്ചായത്തിന് ഇത്രമാത്രം കമ്പ്യൂട്ടർ മാത്രമേ ആവശ്യമുള്ളൂ എന്നും വ്യക്തമാണ്. എന്നാൽ ആറ് കമ്പ്യൂട്ടർ വാങ്ങി. ഇതിന്റെ കാരണവും അവ്യക്തമാണ്.

ഘ) മേൽപ്പറഞ്ഞ സ്ഥാപങ്ങളിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ആൽഫാനെറ്റ് സിസ്റ്റം, ചേർത്തല എന്ന സ്ഥാപനത്തിൽ നിന്നാണ് ഉപകരണങ്ങൾ വാങ്ങിയിരിക്കുന്നത്. 1)പേഴ്സണൽ കമ്പ്യൂട്ടർ (PC ACER, with intel Dual Core processer, 18.5 " LED monitor, 4GB DDR3, 1 TB hard disk, DVD RW, Multimedia key bord, Optical Mouse, ATX cabinet with SMPS, 10/100/1000 LAN)- 29500 രൂപ , 2)പേഴ്സണൽ കമ്പ്യൂട്ടർ (PC ACER, with i3 prosser and all other above mensioned features)- 35000രൂപ 3)പ്രിന്റർ (RIOH)-9800രൂപ, 4) പ്രിന്റർ (CANON 4820D) – 17000 രൂപ, 5) സ്കാനർ - 49000, 167000 രൂപ എന്നിങ്ങനെ ഇനങ്ങളാണ് ടെൻടർ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മൂല്യവർദ്ധിത നികുതി പ്രത്യേകം കാണിച്ചിട്ടില്ലാത്തതിനാൽ നികുതി ഉൾപ്പടെയുള്ള നിരക്കാണിതെന്ന് വ്യക്തമാണ്. ഈ സ്ഥാപനം 22/3/17 ൽ ഹാജരാക്കിയ ഇൻവോയിസ് നമ്പർ 394, പഞ്ചായത്തിലെ സ്റ്റോക്ക് (നേരിൽ പരിശോധിച്ച് ബോദ്ധ്യപ്പെട്ടത്) എന്നിവ പ്രകാരം താഴെപ്പറയുന്ന സാധനങ്ങളാണ് വാങ്ങിയിട്ടുള്ളത്.

| ഇനം | ഒന്നിന്റെ വില | 5%VAT | നികുതി ഉൾപ്പടെ വില | എണ്ണം | ആകെ വില |
|---|---|---|---|---|---|
| പേഴ്സണൽ കമ്പ്യൂട്ടർ ACER (Dual Core Processer) | 27143 | 1357 | 28500 | 6 | 171000 |
| മോണിറ്റർ (18.5"LED ACER) | 5238 | 262 | 5500 | 6 | 33000 |

| | | | | | |
|---|---|---|---|---|---|
| പ്രിന്റർ (Dot Matrics EPSON LQ 310+) | 11191 | 560 | 11751 | 1 | 11751 |
| പ്രിന്റർ (Laser Jet CANON 2900) | 8476 | 424 | 8900 | 4 | 35600 |
| പ്രിന്റർ (Canon 6320DN) | 11143 | 557 | 11700 | 1 | 11700 |

വാങ്ങിയ മൂന്ന് പ്രിന്ററുകളും ടെൻഡറിൽ പറയുന്ന സ്പെസിഫിക്കേഷനിൽ ഉള്ളവയല്ല. ആകയാൽ തന്നെ ഇവ ടെൻഡർ/ ക്വട്ടേഷൻ ഇല്ലാതെ വാങ്ങിയതായി പരിഗണിക്കേണ്ടിയിരിക്കുന്നു.

ഇന്റൽ ഡ്യുവൽ കോർ പ്രോസസറും 18 ഇഞ്ച് എൽ.ഇ.ഡി മോണിറ്ററും അടക്കം പേഴ്സണൽ കമ്പ്യൂട്ടറിന് ടെൻഡറിൽ പറഞ്ഞ വില 29500/- രൂപയാണ് . എന്നാൽ മേൽപ്പറഞ്ഞ ഇൻവോയിസ് പ്രകാരം ഇത് 34000/- (28500 + 5500) രൂപയാണ്. ഇൻവോയിസ് പ്രകാരമുള്ള തുകയാണ് ആൽഫാനെറ്റ് സിസ്റ്റംസിന് പഞ്ചായത്ത് ഫണ്ടിൽ നിന്ന് നൽകിയത്. ഒരു കമ്പ്യൂട്ടറിന് 4500/- (34000-29500) ക്രമത്തിൽ 6 എണ്ണത്തിന് 27000/- രൂപ ക്വാട്ട് ചെയ്ത നിരക്കിലധികമായി സ്ഥാപനത്തിന് നൽകപ്പെട്ടു.

മേൽപ്പറഞ്ഞ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാൻ 25/8/17 - ൽ നൽകിയ ആഡിറ്റ് അന്വേഷണത്തിന് (നം.2) മറുപടിയും ലഭിച്ചിട്ടില്ല. ആകയാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടമായ 27000/- രൂപ പണം നൽകിയ സെക്രട്ടറിയിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. പദ്ധതി വിഭാവനം ചെയ്തതിന് വിരുദ്ധമായ രീതിയിൽ അത് നടപ്പാക്കിയതിനെ കുറിച്ചും ആവശ്യകത പരിഗണിക്കാതെയും ആവശ്യമായ സ്പെസിഫിക്കേഷൻ പരസ്യപ്പെടുത്താതെയും കമ്പ്യൂട്ടർ വാങ്ങിയതിനെ കുറിച്ചും ഭരണ വകുപ്പിന്റെ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

## 3-2 ഡിപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക പദ്ധതിയിലുൾപ്പെടുത്തി സെക്രട്ടറി നടപ്പാക്കിയ താഴെ പറയുന്ന ഡിപ്പോസിറ്റ് പ്രവൃത്തിക്കായി എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ഡിപ്പോസിറ്റായി കെ.എസ്.ഇ.ബി - യ്ക്ക് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തിയുടെ പൂർത്തീകരണ വിവരങ്ങൾ, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, പ്രോജക്ട് നം. | തുക | ബിൽ നം./തീയതി | പരാമർശം |
|---|---|---|---|---|
| 1 | സ്ട്രീറ്റ് ലൈറ്റ് ലൈൻ ദീർഘിപ്പിക്കൽ (86/17) | 298870 | 38/31.3.17 | കരാർ ചമച്ചിട്ടില്ല |

ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/24.8.17) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ പ്രവൃത്തിയിൽ സ്വീകരിച്ച തുടർ നടപടി വിവരങ്ങൾ, നിലവിലെ സ്ഥിതി വിവരം എന്നിവ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-3 ഔഷധങ്ങൾ പൂർണ്ണമായി ലഭിച്ചിട്ടില്ല

വിവിധ പദ്ധതികൾ വഴി ആയുർവ്വേദ ഹോമിയോ ആശുപത്രികൾക്ക് മരുന്ന് വാങ്ങാനായി തുക ഔഷധി, ഹോംകോ എന്നീ സ്ഥാപനങ്ങൾക്ക് മുൻകൂറായി നൽകി മാസങ്ങൾ ആറായിട്ടും മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ഡിപ്പോസിറ്റ് ചെയ്ത തുക | ബിൽ നമ്പർ, തീയതി | നിർവ്വഹണ ഉദ്യോഗസ്ഥൻ | സ്ഥാപനം | ലഭിച്ച മരുന്നിന്റെ വില | ബാക്കി |
|---|---|---|---|---|---|---|
| 40/17, | 500000 | 20/19.11.16, | സെക്രട്ടറി | ഔഷധി | 490906 | 9094 |

| | | | | | | |
|---|---|---|---|---|---|---|
| ആയുർവ്വേദാശുപത്രിക്ക് മരുന്ന് | (300000+ 200000) | 26/16.2.17 | | | | |
| 107/17,വയോജന ക്ലിനിക്ക് | 284050 | 3/28.12.13 | മെഡിക്കൽ ഓഫീസർ (PHC) | ഔഷധി | 249256 | 34794 |
| 14/17, ഹോമിയോ ആശുപത്രിക്ക് മരുന്ന് | 200000 | 19, 19/11/16 | സെക്രട്ടറി | ഹോംകോ | 98000 | 120000 |

ഇപ്രകാരം ഔഷധിയിൽ നിന്ന് 43888/- രൂപയുടെ മരുന്നും ഹോംകോയിൽനിന്ന് 120000/- രൂപയുടെ മരുന്നും ലഭിക്കാനുണ്ട്. ഈ തുക ആഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാക്കി വിവരം ആഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-4 മൃഗാശുപത്രി കെട്ടിട നിർമ്മാണം - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ

പ്രോജക്ട് നം. - 176/15

കരാറുകാരൻ - വി.എസ്. സാബു.

അളവ് പുസ്തകം - 134/14-15, 10,11/16-17

പ്രവൃത്തി മൂല്യം - 1295883/-

എഗ്രീഡ് പി.എ.സി - 1396723/-

(1) കരാർ കാലാവധിയിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല.

പ്രവൃത്തിയുടെ കരാറുകാരനായ ശ്രീ.വി.എസ്.സാബു 22.01.2015 ൽ കരാർ ചമച്ച് സൈറ്റ് ഹാൻഡ് ഓവർ ചെയ്ത് വാങ്ങിയിട്ടുണ്ട്. ടെണ്ടർ നിബന്ധന പ്രകാരം 22.1.2016 നുള്ളിൽ (12മാസ കാലയളവ്) പ്രവൃത്തി പൂർത്തീകരിക്കേണ്ട തായിരുന്നു എങ്കിലും പ്രവൃത്തി പൂർത്തീകരിച്ചത് 7-03-2017 - ൽ മാത്രമാണ്. വെറ്ററിനറി ഡോക്ടറുടെ നിർദ്ദേശ പ്രകാരം എസ്റ്റിമേറ്റിൽ മാറ്റങ്ങൾ വരുത്തേണ്ടതുള്ളതിനാൽ പ്രവൃത്തി പൂർത്തീകരണത്തിൽ താമസം നേരിട്ടതായും ആയതിനാൽ ഫൈൻ ഈടാക്കരുതെന്നുമുള്ള കരാറുകാരന്റെ തീയതി രേഖപ്പെടുത്തിയിട്ടില്ലാത്ത അപേക്ഷയുടെ അടിസ്ഥാനത്തിൽ 22-09-2016 - ൽ കൂടിയ പഞ്ചായത്ത് കമ്മറ്റിയുടെ 10 നമ്പർ തീരുമാന പ്രകാരം കാലാവധി നീട്ടി നൽകിയിട്ടുള്ളതായും പെനാൽറ്റി ഒഴിവാക്കിയതായും കാണുന്നു.

പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ (23.5.2015 ലെ x(10) നമ്പർ തീരുമാനം) റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി 23.6.2015 - ൽ റിവൈസ്ഡ് ടി.എസ് വാങ്ങിയിട്ടുണ്ട്. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനായി നിയമ പ്രകാരം കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ച് കാലാവധി നീട്ടി നൽകുകയോ ചെയ്തിട്ടില്ല. 22.9.16ലെ കമ്മറ്റി തീരുമാനത്തിൽ കാലാവധി നീട്ടി നൽകുന്നതായി രേഖപ്പെടുത്തിയിട്ടുള്ളതല്ലാതെ കാലയളവ് വ്യക്തമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല. കേവലം 12 മാസം മാത്രം പൂർത്തീകരണ സമയം അനുവദിച്ചിരുന്ന പ്രവൃത്തിയുടെ കരാർ കാലാവധി യാതൊരു മാനദണ്ഡവുമില്ലാതെ 26 മാസം വരെ നീട്ടി നൽകിയത് കരാറുകാരനെ സംരക്ഷിക്കുന്നതിനു വേണ്ടി മാത്രമാണ്. നിയമ പ്രകാരമുള്ള നടപടി ക്രമങ്ങളൊന്നും പാലിക്കാതെയുള്ള കാലാവധി ദീർഘിപ്പിക്കൽ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

പ്രവൃത്തിയുടെ ഫൈനൽ പേയ്മെന്റ് നടത്തിയപ്പോൾ കാലതാമസത്തിന് ഫൈൻ ഇനത്തിൽ യാതൊരു കുറവും വരുത്താതെയാണ് തുക നൽകിയിട്ടുള്ളത്. ഈടാക്കേണ്ടിയിരുന്ന ഫൈൻ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

കരാർ തീയതി - 22.01.2015

വർക്ക് പൂർത്തീകരിക്കേണ്ട തീയതി - 22-01-2016

(റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയ തീയതി (23.6.2015) മുതൽ പ്രവൃത്തി ആരംഭിച്ചതായി കണക്കാക്കിയാൽ പോലും 23.6.2016 - ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്.)

പൂർത്തീകരിച്ച തീയതി - 07-03-2017

കാലതാമസം -258 ദിവസം (37 ആഴ്ച)

ഈടാക്കേണ്ടിയിരുന്ന ഫൈൻ (പ്രതിവാരം 0.1% നിരക്കിൽ ലിക്വിഡേറ്റഡ് ഡാമേജ്) – 1396723x 3.7% = 51679/- രൂപ

മേൽ അപാകത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതും പിഴ ഇനത്തിൽ ഒടുക്കേണ്ട തുക കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

(2) എസ്റ്റിമേറ്റ് ക്വാണ്ടിറ്റിയിൽ ലിമിറ്റ് ചെയ്യാതിരുന്നത് മൂലം കരാറുകാരന് അധിക തുക നൽകി.

പ്രവൃത്തിയുടെ ഫൈനൽ ബിൽ തയ്യാറാക്കി തുക നൽകിയപ്പോൾ താഴെ പറയുന്ന ഇനത്തിന് എസ്റ്റിമേറ്റ് ക്വാണ്ടിറ്റിയിൽ ലിമിറ്റ് ചെയ്യാതെ തുക നൽകിയതു മൂലം കരാറുകാരന് അധിക തുക നൽകി. വിശദ വിവരം താഴെ ചേർക്കുന്നു.

| ഇന നം. | ഇന വിവരം/നിരക്ക് | എസ്റ്റിമേറ്റ് അളവ്/ തുക | അളവ് ബുക്ക് പ്രകാരമുള്ള അളവ്/ തുക | അധികം നൽകിയ തുക |
|---|---|---|---|---|
| 22 | ഭിത്തിയിൽ ഗ്ലൈസ്ഡ് ടൈൽ പതിക്കൽ (1536/ച.മീ) | 12ച.മീ<br>(18432/-) | 23.482ച.മീ.<br>(36068/-) | 17636 |

അധികം നൽകിയത് = 17636

കുറയ്ക്കുക ടെണ്ടർ ഡിഡക്ഷൻ (1.11%) = 196/-

ആകെ അധികം നൽകിയത് = 17440/-

അധികം നൽകിയ തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

(3)പ്രവൃത്തിമൂല്യത്തിലധിക തുക പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിച്ചു.

അളവു ബുക്ക് പ്രകാരം പ്രവൃത്തിയുടെ ആകെ മൂല്യം 1295883/- രൂപ കണക്കാക്കി ടെണ്ടർ കുറവ് വരുത്തി (14384) 1281499/- രൂപയുടെ ബില്ലാണ് തയ്യാറാക്കിയിട്ടുള്ളത്. ഇതനുസരിച്ച് പദ്ധതി വിഹിതത്തിൽ നിന്നും ആകെ പിൻവലിക്കാവുന്ന തുക 1281499/- രൂപയാണ്. എന്നാലിതിനു പകരം പ്രസ്തുത പ്രവൃത്തിയ്ക്കായി താഴെ പറയുന്ന ബില്ലുകൾ പ്രകാരം ട്രഷറിയിൽ നിന്നും ആകെ 1341544/- രൂപ പിൻവലിച്ചിട്ടുണ്ട്.

| ക്രമ നം. | ബിൽ നം./തീയതി | തുക |
|---|---|---|
| 1 | 71/14-15/31.3.15 | 213038 |
| 2 | 67/15-16/31.3.16 | 386997 |
| 3 | 13/16-17/24.3.17 | 623129 |
| 4 | 14/16-17/24.3.17 | 118380 |
| | ആകെ | 1341544 |

ആദ്യ ബില്ലുകളിൽ നിന്നും (ക്രമ നം.1,2) റീടെൻഷനായി പിടിച്ച് തനത് ഫണ്ടിൽ നിക്ഷേപിച്ചിരുന്ന തുക കണക്കാക്കാതെ വീണ്ടും പദ്ധതിവിഹിതത്തിൽ നിന്നും മുഴുവൻ തുകയും പിൻവലിച്ചതു മൂലമാണ് അധിക ചെലവുണ്ടായത്. അധികമായി പിൻവലിച്ച 60045/- രൂപ ബന്ധപ്പെട്ട ഹെഡിൽ തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/31.8.17) അസിസ്റ്റന്റ് എഞ്ചിനീയർ ഹാജരാക്കിയ മറുപടിയിൽ ക്രമ നം.1,2 എന്നിവ പ്രകാരമുള്ള നഷ്ട തുക 69119/- രൂപ (51679+17440) ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്കുന്നതാണെന്നും, ക്രമ നം.3 പ്രകാരമുള്ള തുക 60045/- രൂപ തനത് ഫണ്ടിൽ നിന്നും ക്രമീകരിക്കുന്നതാണെന്നുമറിയിച്ചിട്ടുണ്ട്. കരാറുകാരന് ക്രമ വിരുദ്ധമായി നൽകിയ 69119/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. പദ്ധതി വിഹിതത്തിൽ നിന്നും അധികമായി പിൻവലിച്ച 60045/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 ആയുർവേദ ആശുപത്രി കോംപ്ലക്സ് നിർമ്മാണം - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ

പ്രോജക്ട് നം. - 177/15

കരാറുകാരൻ - വി.എസ്. സാബു.

അളവ് പുസ്തകം - 135/14-15, 3,9/16-17

പ്രവൃത്തി മൂല്യം - 1498874/-

എഗ്രീഡ് പി.എ.സി - 1450344/-

(1) കരാർ കാലാവധിയിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല.

പ്രവൃത്തിയുടെ കരാറുകാരനായ ശ്രീ.വി.എസ്.സാബു 01-01-2015 ൽ കരാർ ചമച്ച് സൈറ്റ് ഹാൻഡ് ഓവർ ചെയ്ത് വാങ്ങിയിട്ടുണ്ട്. ടെണ്ടർ നിബന്ധന പ്രകാരം 31.12.2015 നുള്ളിൽ (12മാസ കാലയളവ്) പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു എങ്കിലും പ്രവൃത്തി പൂർത്തീകരിച്ചത് 06-03-2017 - ൽ മാത്രമാണ്. ആയുർവേദ ഡോക്ടറുടെ നിർദ്ദേശ പ്രകാരം എസ്റ്റിമേറ്റിൽ മാറ്റങ്ങൾ വരുത്തേണ്ടതുള്ളതിനാൽ പ്രവൃത്തി പൂർത്തീകരണത്തിൽ താമസ്സം നേരിട്ടതായും ആയതിനാൽ ഫൈൻ ഈടാക്കരുതെന്നുമുള്ള കരാറുകാരന്റെ തീയതി രേഖപ്പെടുത്തിയിട്ടില്ലാത്ത അപേക്ഷയുടെ അടിസ്ഥാനത്തിൽ 22-09-2016 ൽ കൂടിയ പഞ്ചായത്ത് കമ്മറ്റിയുടെ 10 നമ്പർ തീരുമാന പ്രകാരം കാലാവധി നീട്ടി നൽകിയിട്ടുള്ളതായും പെനാൽറ്റി ഒഴിവാക്കിയതായും കാണുന്നു.

പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ (23.5.2015 ലെ x(10) നമ്പർ തീരുമാനം) റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി 3.6.2015 ൽ റിവൈസ്ഡ് ടി.എസ് വാങ്ങിയിട്ടുണ്ട്. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനായി നിയമ പ്രകാരം കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ച് കാലാവധി നീട്ടി നൽകുകയോ ചെയ്തിട്ടില്ല. 22.09.16ലെ കമ്മറ്റി തീരുമാനത്തിൽ കാലാവധി നീട്ടി നൽകുന്നതായി രേഖപ്പെടുത്തിയിട്ടുള്ളതല്ലാതെ കാലയളവ് വ്യക്തമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല. കേവലം 12 മാസം മാത്രം പൂർത്തീകരണ സമയം അനുവദിച്ചിരുന്ന പ്രവൃത്തിയുടെ കരാർ കാലാവധി യാതൊരു മാനദണ്ഡവുമില്ലാതെ 26 മാസം വരെ നീട്ടി നൽകിയത് കരാറുകാരനെ സംരക്ഷിക്കുന്നതിനു വേണ്ടി മാത്രമാണ്. നിയമ പ്രകാരമുള്ള നടപടിക്രമങ്ങളൊന്നും പാലിക്കാതെയുള്ള കാലാവധി ദീർഘിപ്പിക്കൽ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

പ്രവൃത്തിയുടെ ഫൈനൽ പേയ്മെന്റ് നടത്തിയപ്പോൾ കാലതാമസത്തിന് ഫൈൻ ഇനത്തിൽ യാതൊരു കുറവും വരുത്താതെയാണ് തുക നൽകിയിട്ടുള്ളത്. ഈടാക്കേണ്ടിയിരുന്ന ഫൈൻ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

കരാർ തീയതി - 01.01.2015

വർക്ക് പൂർത്തീകരിക്കേണ്ട തീയതി - 31-12-2015

(റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയ തീയതി (3.6.2015) മുതൽ പ്രവൃത്തി ആരംഭിച്ചതായി കണക്കാക്കിയാൽ പോലും 02.06.2016 - ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്.)

പൂർത്തീകരിച്ച തീയതി - 06-03-2017

കാലതാമസം -277 ദിവസം (39 ആഴ്ച)

ഈടാക്കേണ്ടിയിരുന്ന ഫൈൻ (പ്രതിവാരം 0.1% നിരക്കിൽ ലിക്വിഡേറ്റഡ് ഡാമേജ്) – 1450344/-x 3.9% = 56563/- രൂപ

മേൽ അപാകത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതും പിഴ ഇനത്തിൽ ഒടുക്കേണ്ട തുക കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

(2)പ്രവൃത്തിമൂല്യത്തിലധിക തുക പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിച്ചു.

അളവു ബുക്ക് പ്രകാരം പ്രവൃത്തിയുടെ ആകെ മൂല്യം 1498874/- രൂപ കണക്കാക്കി ടെണ്ടർ കുറവ് വരുത്തി (45116) 1453758/- രൂപയുടെ ബില്ലാണ് തയ്യാറാക്കിയിട്ടുള്ളത്. ഇതനുസരിച്ച് പദ്ധതി വിഹിതത്തിൽ നിന്നും ആകെ പിൻവലിക്കാവുന്ന തുക 1453758/- രൂപയാണ്. എന്നാലിതിനു പകരം പ്രസ്തുത പ്രവൃത്തിയ്ക്കായി താഴെ പറയുന്ന ബില്ലുകൾ പ്രകാരം ട്രഷറിയിൽ നിന്നും ആകെ 1524549/- രൂപ പിൻവലിച്ചിട്ടുണ്ട്.

| ക്രമ നം. | ബിൽ നം./തീയതി | തുക |
|---|---|---|
| 1 | 66/14-15/31.3.15 | 100267 |
| 2 | 67/14-15/31.3.15 | 127228 |
| 3 | 69/15-16/31.3.16 | 534862 |
| 4 | 17/16-17/28.3.17 | 71259 |
| 5 | 20/16-17/28.3.17 | 628741 |
| 6 | 47/16-17/31.3.17 | 62192 |
| | ആകെ | 1524549 |

ആദ്യ ബില്ലുകളിൽ നിന്നും (ക്രമ നം.1,2,3) റീടെൻഷനായി പിടിച്ച് തനത് ഫണ്ടിൽ നിക്ഷേപിച്ചിരുന്ന തുക കണക്കാക്കാതെ വീണ്ടും പദ്ധതിവിഹിതത്തിൽ നിന്നും മുഴുവൻ തുകയും പിൻവലിച്ചതു മൂലമാണ് അധിക ചെലവുണ്ടായത്. അധികമായി പിൻവലിച്ച 70791/- രൂപ ബന്ധപ്പെട്ട ഹെഡിൽ തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19/2.9.17) അസിസ്റ്റന്റ് എഞ്ചിനീയർ ഹാജരാക്കിയ മറുപടിയിൽ ക്രമ നം.1 പ്രകാരമുള്ള നഷ്ട തുക 56563/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്കുന്നതാണെന്നും, ക്രമ നം.2 പ്രകാരമുള്ള തുക 70791/- രൂപ തനത് ഫണ്ടിൽ നിന്നും ക്രമീകരിക്കുന്നതാണെന്നുമറിയിച്ചിട്ടുണ്ട്. കരാറുകാരന് ക്രമ വിരുദ്ധമായി നൽകിയ 56563/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. പദ്ധതി വിഹിതത്തിൽ നിന്നും അധികമായി പിൻവലിച്ച 70791/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 യഥാസമയം കരാർ ചമയ്ക്കാതിരുന്ന കരാറുകാരനിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയില്ല

ജി.ഒ(പി)13/2012/പി.ഡബ്ല്യു.ഡി/തീ.1.2.2012 നമ്പർ ഉത്തരവ് പ്രകാരം 2012 - ൽ പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009 (6) പ്രകാരം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കരാറിൽ ഏർപ്പെടാത്ത കരാറുകാരിൽ നിന്നും കരാർ തുകയുടെ 1% (മിനിമം - 1000/-, മാക്സിമം -25000/-) പിഴയായി ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാരൻ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കരാർ ചമയ്ക്കാതിരുന്നിട്ടും അവരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/കരാറുകാരൻ | പി.എ.സി | സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ ഇല്ലാതെ കരാർചമയ്ക്കേണ്ട അവസാന തീയതി | കരാർ ചമച്ച തീയതി | ഈടാക്കേണ്ട പിഴ (1%) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | പി.എച്ച്.സി വയറിംഗ് (ഫിലിപ്പോസ് ജോസഫ്) | 200000 | 11.3.17 | 14.3.17 | 2000 |
| 2 | മൃഗാശുപത്രി വയറിംഗ് (ഫിലിപ്പോസ് ജോസഫ്) | 94000 | 11.3.17 | 16.3.17 | 1000 |
| 3 | കൃഷി ഓഫീസ് വയറിംഗ് (കെ.ഷഫീക്ക് ) | 165000 | 11.3.17 | 13.3.17 | 1650 |
| 4 | ആയൂർവേദ ആശുപത്രി വയറിംഗ് (കെ.ഷഫീക്ക്) | 111500 | 11.3.17 | 13.3.17 | 1115 |
| | ആകെ | | | | 5765 |

ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ഹാജരാക്കിയിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ പിഴ ഇനത്തിൽ ഈടേക്കേണ്ടിരുന്ന തുക 5765/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 3-7 മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വനിതകൾക്ക് തായ്ക്കോണ്ട പരിശീലനം

പ്രോജക്ട് നം. S0068 /17

ബിൽ നം. 18/16-17/30.3.17 - 99500/-

ഗ്രാമപഞ്ചായത്തിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഐസിഡിഎസ് സൂപ്പർവൈസർ നടപ്പാക്കിയ വനിതകൾക്കും വയോജനങ്ങൾക്കുമായി തായ്ക്കോണ്ട, യോഗ പരിശീലനം പദ്ധതിക്ക് 99500/- ചെലവഴിച്ചിട്ടുണ്ട് , ഇതിൽ തായ്ക്വാണ്ട പരിശീലനത്തിനായി 63500/- (ഇൻസ്ട്രക്ർക്ക് 36000/- രൂപയും യൂണിഫോമിന് 27500/- രൂപയും) യോഗ പരിശീലനത്തിനായി 36000/- രൂപയുമാണ് ചെലവഴിച്ചത്. സ.ഉ (എം.എസ് )നമ്പർ 4/2016 /തസ്വഭവ, തീയതി 11.01.16 മാർഗ്ഗരേഖയിലെ 12.4 (vi) പ്രകാരം സാമൂഹ്യനീതി വകുപ്പ് മുഖേന നിർഭയ പദ്ധതിയിൽ കായിക വിദ്യാഭ്യാസ സംബന്ധമായ പ്രതിരോധ പരിശീലന പരിപാടികളായ തായ്ക്വാണ്ട, ജൂഡോ,കരാട്ടെ എന്നിവയിൽ ഹൈസ്കൂൾ, ഹയർസെക്കന്ററി വിദ്യാർത്ഥിനികൾക്കായി പരിശീലനം പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ വിഭാഗത്തിൽപെടാത്ത വനിതകൾക്ക് തായ്ക്കോണ്ട പരിശീലനം മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെടുന്നതല്ല. കൂടാതെ ഗ്രാമസഭ കൂടി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാതെയാണ് ഈ പദ്ധതി നടപ്പാക്കിയത്. മാർഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായ പദ്ധതികൾ നടപ്പാക്കിയതിന് സർക്കാർ നിർദ്ദേശമോ,സർക്കാറിന്റെ പ്രത്യേക അനുമതിയോ ലഭ്യമായിട്ടുണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 1) സ്ത്രീകൾക്ക് എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുവേണ്ടി സ്ത്രീകളെ പ്രാപ്തരാക്കുന്നതിനുവേണ്ടിയാണ് തായ്ക്കോണ്ട പരിശീലനം ഉൾപ്പെടുത്തിയത് എന്ന മറുപടിയാണ് ഹാജരാക്കിയത്. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. അതിനാൽ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി നടപ്പാക്കിയ പദ്ധതിക്കായി ചെലവഴിച്ച തുക 63500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 MGNREGS- മെറ്റീരിയൽ വാങ്ങൽ വാറ്റ് ഈടാക്കാത്തത് സംബന്ധിച്ച്

എം.ജി.എൻ.ആർ.ഇ.ജി.എസ് വഴി നിർവ്വഹിച്ച 18 നിർമ്മാണ ജോലികൾക്കായി (ഇന്റർ ലോക്ക് ടൈൽ നിർമ്മാണം) സിമിന്റ്, 6 മി.മീ മെറ്റൽ, എം സാന്റ് എന്നിവ സപ്ലൈ ചെയ്ത വകയിൽ പി.റ്റി.കെ കൺസ്ട്രക്ഷൻസ്, പുന്നപ്ര വടക്ക് എന്ന സ്ഥാപനത്തിന് 18 ബില്ലുകൾ വഴി 23,15,356 രൂപ നൽകിയിട്ടുണ്ട്. ഇവയ്ക്ക് വാറ്റ് സഹിതമുള്ള ബിൽ ഹാജരാക്കിയിട്ടില്ല. എന്നിട്ടും പഞ്ചായത്ത് നിയമാനുസൃത നികുതി കിഴിവ് ചെയ്യാതെ മുഴുവൻ തുകയും സ്ഥാപനത്തിന് ഇ.എഫ്.എം. എസ് വഴി നൽകിയിട്ടുണ്ട്. സ്ഥാപനം ബാജരാക്കിയ നികുതിരഹിത ഇൻവോയിസിൽ കൃത്രിമം ഉള്ളതായും കാണുന്നുണ്ട്. ഉദാ. വാർഡ് 2 - ൽ എം.ബുക്ക് നം. 119/16-17, 175/16-17 എന്നിവ പ്രകാരം ചെയ്ത പ്രവൃത്തികൾക്ക് യഥാക്രമം 27/2/17 - ൽ നൽകിയ ഇൻവോയിസിന്റെ നമ്പർ 107ഉം 20/3/17- ൽ നൽകിയ ഇൻവോയിസിന്റെ നമ്പർ 105 ഉം ആണ്. ഇത് കൂടാതെ 08/03/17-ൽ നൽകിയിരിക്കുന്ന വാർഡ് 7 ലെ പ്രവൃത്തിയുടെ ഇൻവോയിസിന്റെ നമ്പർ 123ഉം ആണ്. നമ്പരിൽ തുടർച്ചയില്ലാത്തതിൽ നിന്നും

കൃത്രിമത്വം വ്യക്തമാണ്. വാറ്റ് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. അന്വേഷണത്തിന് വാണിജ്യനികുതി വകുപ്പിന് ശുപാർശ ചെയ്യുന്നു.

## 3-9 എസ്.ഡബ്ല്യു.എസ് ജംഗ്ഷൻ മുതൽ കിഴക്കോട്ട് കളർകോട് ക്ഷേത്രം വരെ റോഡ് ടാറിംഗ് പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ

നിർവ്വഹണം - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നം. - 169/16

കരാറുകാരൻ - വി.എസ്.സാബു

പ്രവൃത്തിമൂല്യം - 587144/-

അളവു പുസ്തകം - 2/16-17

ബിൽ നം. 32/16-17/31.3.17 - 587144/-

പ്രസ്തുത പദ്ധതിയുടെ ഫൈനൽ ബിൽ തയ്യാറാക്കി നൽകിയപ്പോൾ താഴെ പറയുന്ന അപാകങ്ങളുണ്ടായിട്ടുള്ളതായി കാണുന്നു.

(1)കാലി വീപ്പയുടെ വില കുറവു ചെയ്തില്ല- കരാറുകാരന് അധിക തുക നൽകി

എസ്.ഡബ്ല്യു.എസ് ജംഗ്ഷൻ മുതൽ കിഴക്കോട്ട് കളർകോട് ക്ഷേത്രം വരെ റോഡ് ടാറിംഗ് പ്രവൃത്തിയിൽ ടാർ വർക്കിന് അനുവദിച്ചിരിക്കുന്ന നിരക്ക് പാക്ക്ഡ് ബിറ്റുമിന്റെ വില ഉൾപ്പെട്ടതാണ്. എന്നാൽ ഫൈനൽ ബിൽ നൽകിയപ്പോൾ കാലി വീപ്പയുടെ വില കുറവു ചെയ്തിട്ടില്ല. കരാറുകാരൻ ടാർ വാങ്ങിയതിന്റെ ബിൽ ഹാജരാക്കുകയോ ഉപയോഗിച്ച ബിറ്റുമിന്റെ അളവ് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. അതിനാൽ ചെയ്ത പ്രവൃത്തിയ്ക്ക് ഉപയോഗിക്കേണ്ടി വരുന്ന ടാറിന്റെ അളവ് ചുവടെ കൊടുക്കുന്നു.

| ഇനം | ചെയ്ത അളവ് | ആവശ്യമാകുന്ന ടാറിന്റെ അളവ് | ഉപയോഗിക്കേണ്ടി വരുന്ന ടാറിന്റെ അളവ് (kg) |
|---|---|---|---|
| ടാക്ക് കോട്ട് | $639m^2$ | $0.75kg/m^2$ | 479.25 |
| ചിപ്പിംഗ് കാർപ്പെറ്റ് | $639m^2$ | $1.44kg/m^2$ | 920.16 |
| സീൽകോട്ട് | $639m^2$ | $0.98kg/m^2$ | 626.22 |
| ആകെ | | | 2025.63 |

കാലി വീപ്പയുടെ എണ്ണം --- 2025.63/161= 13

ഈടാക്കേണ്ടുന്ന കാലി വീപ്പയുടെ വില = 13 x 250 =3250/-

ടി തുക കരാറുകാരനിൽ നിന്നും ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

(2)ടാർചെയ്ത പ്രതലം സ്കാരിഫൈ ചെയ്യുന്നതിന് ഉയർന്ന നിരക്ക് അനുവദിച്ചു -

സി.പി.ഡബ്ല്യു.ഡി സ്പെസിഫിക്കേഷൻ 16.77 പ്രകാരം നിലവിൽ ടാർ ചെയ്ത പ്രതലം സ്കാരിഫൈ ചെയ്യുന്നതിന് DSR-2014 പ്രകാരം അനുവദനീയമായ നിരക്ക് $3.15/m^2$ രൂപയാണ്. ഇതിന്റെ കൂടെ 1.5333 കോസ്റ്റ് ഇൻഡക്സ് കൂടി ഉൾപ്പെടുത്തിയാൽ അനുവദിക്കാവുന്ന തുക $4.83/m^2$ രൂപയാണ്. എന്നാൽ ഇവിടെ ഇനം. ഒന്നായി ചെയ്തിട്ടുള്ള പ്രവൃത്തി നിലവിലുള്ള ടാർ റോഡിന്റെ പ്രതലം 375.10 $m^2$ സ്കാരിഫൈ ചെയ്യുക എന്നതാണ്. ആയതിന് അനുവദിച്ചിരിക്കുന്ന നിരക്ക് $17.42/m^2$ ആണ്. (പ്രസ്തുത നിരക്ക് മെറ്റിൽ ചെയ്ത പ്രതലം സ്കാരിഫൈ ചെയ്യുന്നതിനുള്ള നിരക്കാണ്.) എസ്റ്റിമേറ്റ് റിപ്പോർട്ടിലും, ലൊക്കേഷൻ സ്കെച്ചിലും സ്കാരിഫൈ ചെയ്ത പ്രതലം ടാർ ചെയ്തിരുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഉയർന്ന നിരക്ക് അനുവദിച്ചതു മൂലം കരാറുകാരന് 4297/- രൂപ അധികം നൽകാനിടയാക്കി. വിശദവിവരം ചുവടെ കൊടുക്കുന്നു.

അനുവദനീയമായ തുക = 375.10 $m^2$ x $4.83/m^2$ = 1812/- രൂപ

നൽകിയ തുക = 375.10 $m^2$ x $17.42/m^2$ = 6534/- രൂപ

അധികം നൽകിയത് = 4722/-

(-) ടെണ്ടർ വ്യത്യാസം (9%) = 425/-

ആകെ അധികം നൽകിയത് = 4297/- രൂപ

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ഹാജരാക്കിയിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ കരാറുകാരന് അധികമായി നൽകിയ തുക 4297/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 3-10 പഞ്ചായത്ത് ഓഫീസിനു അനുബന്ധ കെട്ടിടം - എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ തുകയും പിൻവലിച്ചു - പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ല

നിർവ്വഹണം - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നം. - 139/17

അടങ്കൽ തുക – 1400000/-

ബിൽ നം. 19/28.3.17 - 1239003/-

42/31.3.17 - 160997/-

ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക പദ്ധതി പ്രകാരം ഏറ്റെടുത്ത പ്രസ്തുത പദ്ധതി അക്രഡിറ്റഡ് ഏജൻസിയായ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് മുഖേന ചെയ്യുന്നതിനായി ടി സ്ഥാപനവുമായി 29.3.2017 ൽ കരാറിലേർപ്പെടുകയും ടി സ്ഥാപനം തയ്യാറാക്കി നൽകിയിട്ടുള്ള എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ (1400000/-)

ആദ്യ ഗഡുവായി 1239003/- രൂപ നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

(1)കരാറിൽ പ്രസ്തുത പ്രവൃത്തി 6 മാസത്തിനുള്ളിൽ പൂർത്തീകരിക്കണം എന്നു വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കരാർ പ്രകാരമുള്ള സമയ പരിധിയിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം ഉണ്ടാകുന്ന നഷ്ടം ഈടാക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല.

(2)അക്രഡിറ്റഡ് ഏജൻസികൾക്ക് പദ്ധതിനിർവ്വഹണത്തിനായി തുക നൽകേണ്ടത് കരാർ ചമയ്ക്കുമ്പോൾ ആദ്യ ഗഡുവായി എസ്റ്റിമേറ്റ് തുകയുടെ 20% വും തുടർന്ന് മുൻകൂർ കൈപ്പറ്റിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം (90% ചെലവ്) ഹാജരാക്കുന്ന മുറയ്ക്ക് ഗഡുക്കളായി തുക നൽകേണ്ടതും ഫൈനൽ തുക പദ്ധതി പൂർത്തീകരണത്തിന് ശേഷവുമാണ് നൽകേണ്ടത്. എന്നാലിതിന് വിരുദ്ധമായി എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ തുകയും പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പ് തന്നെ പിൻവലിച്ചിരിക്കുന്നു. തുക ഇത്തരത്തിൽ നൽകിയതിന് പ്രത്യേക അനുമതി ലഭ്യമായിട്ടുള്ള പക്ഷം ആയത് ഹാജരാക്കാൻ ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയില്ല

(3) പ്രസ്തുത സ്ഥാപനത്തിന് കരാറിൽ രേഖപ്പെടുത്തി 1239003/- രൂപ നൽകിയതിന് പുറമേ 160997/- രൂപ 31.3.17 - ൽ ട്രഷറിയിൽ നിന്നും മാറിയിട്ടുണ്ട്. എന്നാൽ തുക മാറിയതിന്റെ ആവശ്യകത, ആർക്ക് നൽകി, കൈപ്പറ്റ് വിവരം എന്നീ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

(4) കരാർ പ്രകാരം 28.09.17 – ന് മുൻപ് പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ കരാർ കാലാവധി തീരാൻ കേവലം ഒരു മാസം മാത്രം ശേഷിക്കേ പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടുപോലുമില്ല. തുക നൽകി 5 മാസത്തിനു ശേഷവും പ്രവൃത്തി ആരംഭിക്കാതിരുന്നിട്ടും പഞ്ചായത്തിന്റെ ഭാഗത്തു നിന്നും യാതൊരു നടപടികളും സ്വീകരിച്ചതായി കാണുന്നില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/25.8.17) അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ നിർവ്വഹണ ഏജൻസിക്ക് പദ്ധതി ആരംഭിക്കുവാൻ നിർദ്ദേശം നൽകുന്നതാണെന്നു മാത്രമാണറിയിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചിരുന്ന മറ്റ് അപാകങ്ങൾ സംബന്ധിച്ച് മറുപടി ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക 140000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 ശുചിത്വഗ്രാമസഭ – അധിക തുക ചെലവഴിച്ചു

2016-17 വർഷത്തെ 21600589/15.11.16 നം. വൗച്ചർ പ്രകാരം 4-ം വാർഡിലെ ഗ്രാമസഭാചെലവിനായി (ശുചിത്വം, ഗുണഭോക്തൃലിസ്റ്റ് അംഗീകാരം) 3000/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇതേ വാർഡിൽത്തന്നെ ശുചിത്വഗ്രാമസഭ കൂടിയതിന്റെ ചെലവി നായി വൗച്ചർ നം. 21600603/23.11.16 പ്രകാരം വീണ്ടും 1000/- രൂപ ശ്രീമതി. രമാസദാശിവൻ എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്. ശുചിത്വ ഗ്രാമസഭയ്ക്ക് 1000/- രൂപയും ഗ്രാമസഭയ്ക്ക് 2000 /- ഉൾപ്പെടെ ആകെ 3000/- രൂപ വീതം ഒരോ വാർഡിലും നൽകിയിട്ടുള്ള സാഹചര്യത്തിൽ 4-ം വാർഡിൽ ഗ്രാമസഭാചെലവിന് അധികമായി 1000/-രൂപ നൽകിയതിന് വിശദീകരണം ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 22) മറുപടി ലഭ്യമായില്ല. അതിനാൽ ഗ്രാമസഭാ ചെലവിന് അധികമായി നൽകിയ തുക സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-12 വീട്ട് മുറ്റം പദ്ധതി – പ്രവർത്തനത്തിൽ ഏകോപനമില്ല

പഞ്ചായത്തിലെ ഓരോ വാർഡിലും 10 വീതം നാട്ടുകൂട്ടങ്ങൾ സംഘടിപ്പിച്ച് 50 വീടിന് രണ്ട് വോളന്റിയർ എന്ന കണക്കിൽ സന്നദ്ധപ്രവർത്തകരെ വാർത്തെടുത്ത് അവർക്ക് പ്രത്യേക പരിശീലനം നൽകി വാർഡിലെ പൊതുആരോഗ്യരംഗത്ത് വിന്യസിക്കാനാണ് മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണോദ്യോഗസ്ഥനായി 'വീട്ടുമുറ്റം' (നം. 46/17) പദ്ധതി വിഭാവനം ചെയ്തത്. കൊതുക് നിർമ്മാർജ്ജനം, ലാർവകളുടെ ഉറവിട നശീകരണം, കൊതുക് സാന്ദ്രതാ പഠനം, രോഗലക്ഷണ നിരീക്ഷണം, റിപ്പോർട്ടിംഗ് മുതലായവ ഈ നാട്ടുകൂട്ടങ്ങൾ വഴി പ്രസ്തുത വോളന്റിയർമാരുടെ നേതൃത്വത്തിൽ നടപ്പാക്കാനാണ് ഇത് ലക്ഷ്യം വച്ചത്. പദ്ധതിക്കായി ആകെ 102000 /-രൂപ പ്ലാൻഫണ്ട് ചെലവഴിച്ചു (ബിൽ.നം 7, 20/3/2017).

ഈ തുകയിൽ ഇരുപത്തിമൂവായിരം രൂപ പ്രിന്റിംഗിന് ചെലവഴിച്ചതൊഴിച്ചാൽ ബാക്കി പൂർണ്ണമായും

ഭക്ഷണചെലവും ചെറിയൊരു തുക കസേരയുടെ വാടകയുമാണ്. നാട്ടുക്കൂട്ടങ്ങളുടെ മിനിറ്റ്സ് കൃത്യമല്ല. ഒരാൾതന്നെ ഒന്നിലധികം പേരുടെ പേരെഴുതി ചേർത്ത് ഒപ്പ് വച്ചിരിക്കുന്നത് വ്യക്തമാണ്. പല പേരുകളും എഴുതിയിട്ടുണ്ടെങ്കിലും ഒപ്പ് രേഖപ്പെടുത്താത്തതായുമുണ്ട്.

ഈ പദ്ധതി കൂടാതെ എല്ലാ വാർഡുകളിലും മഴക്കാലപൂർവ്വ ശുചീകരണം എന്ന നിലയിൽ ഇതേ ആവശ്യങ്ങൾക്ക് തന്നെ 25000/- രൂപ വീതം (15000/- തനത് ഫണ്ട്, 10000/- ശുചിത്വമിഷൻ ഗ്രാന്റ്) ചെലവഴിച്ചിട്ടുണ്ട്. മഴക്കാല പൂർവ്വശുചീകരണ സാമിഗ്രികൾ വാങ്ങാൻ 99990/- രൂപ പ്ലാൻ ഫണ്ട് പദ്ധതി നമ്പർ 42/17 വഴി പ്രത്യേകം ചെലവഴിച്ചിട്ടുമുണ്ട്. ഇത് ഉപയോഗിച്ച് കുമ്മായം, അബേറ്റ് ഗ്രാനുൾസ്, ഫിനോൾ എന്നിവ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

ഈ പറഞ്ഞ പദ്ധതികൾ പരസ്പര സമന്വയത്തോടെയല്ല നടപ്പാക്കിയത്. മഴക്കാലപൂർവ്വ ശുചീകരണ പ്രവൃത്തികൾ വാർഡ് തല സാനിട്ടേഷൻ സമിതി വഴി നിർവ്വഹിക്കപ്പെട്ടതിൽ വീട്ടുമുറ്റം പദ്ധതിയുടെ വോളന്റിയർമാരുടെ സേവനം ഉപയോഗപ്പെടുത്തിയതായി കാണുന്നില്ല. മേൽപ്പറഞ്ഞ ശുചീകരണ സാമിഗ്രികൾ പോലും അവർ വഴിയല്ല വിതരണം ചെയ്തത്. ഒരേ ആവശ്യത്തിലൂന്നി നടപ്പാക്കുന്ന പദ്ധതികൾ പരസ്പര സമന്വയത്തിന്റെ അഭാവത്തിൽ പൂർണ്ണലക്ഷ്യം കൈവരിക്കാതെപോയി. നാട്ടുകൂട്ടങ്ങളെ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുംവിധം ഒരു ശുചീകരണപ്രവൃത്തിപോലും നടന്നതായി കാണുന്നില്ല. കൊതുകുനശീകരണം തുടങ്ങിയ പ്രഖ്യാപിത ലക്ഷ്യങ്ങൾ നിറവേറ്റാൻ ഇവയ്ക്കോ വോളന്റിയർമാർക്കോ കഴിഞ്ഞതായും രേഖകളിലില്ല.

വാർഡ്തല സാനിട്ടേഷൻ സമിതികളുടെ പ്രവർത്തനവും പ്രസ്തുത നാട്ടുകൂട്ടങ്ങളുടെ പ്രവർത്തനങ്ങളും സംയോജിപ്പിച്ച് പൂർണ്ണ ശുചീകരണവും രോഗപ്രതിരോധവും സാദ്ധ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-13 <u>വെള്ളക്കരം - ഭീമമായ കുടിശ്ശിക</u>

വാട്ടർ അതോറിറ്റിയുടെ കണക്ക് പ്രകാരം ഗ്രാമപഞ്ചായത്ത് 31-05-2017 വരെ അതോറിറ്റിയ്ക്ക് നൽകാനുള്ള വെള്ളക്കര കുടിശിക 2% ഫൈൻ അടക്കം 7079819/- രൂപയാണ്. വാട്ടർ അതോറിറ്റി നൽകിയിട്ടുള്ള കണക്ക് പ്രകാരം 667ടാപ്പുകൾക്ക് ഒരു വർഷം ഒടുക്കേണ്ട തുക 3501756/- രൂപയാണ് (326 x 5250/-). ഇതിന്റെയടിസ്ഥാനത്തിൽ പ്രതിമാസം 291813/- രൂപയാണ് പഞ്ചായത്തിൽ നിന്നും നൽകുന്നത്. ഇപ്രകാരം തുക നൽകിയിട്ടും ഭീമമായ തുക കുടിശ്ശിക വരുവാനുള്ള കാരണവും വ്യക്തമല്ല. കുടിശ്ശിക സംബന്ധിച്ച പൂർണ്ണ വിവരങ്ങളും ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. 667ടാപ്പുകൾക്ക് തുക നൽകുന്നുണ്ടെങ്കിലും ടാപ്പുകളുടെ എണ്ണം കണക്കാക്കിയത് സംബന്ധിച്ച സംയുക്ത പരിശോധന റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് സെക്രട്ടറി ഹാജരാക്കിയ മറുപടിയിൽ 2013 - ൽ നടത്തിയ സംയുക്ത പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നിലവിലും തുക നൽകുന്നതെന്നും ഇപ്പോൾ സംയുക്ത പരിശോധന നടത്തി വരുന്നതായും അറിയിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ഹാജരാക്കേണ്ടതും നിലവിൽ പ്രവർത്തന ക്ഷമമായ ടാപ്പുകളുടെ കൃത്യമായ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 3-14 <u>തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ്ജ്-ഓർഡിനറി ബൾബുകളുടെ പേരിൽ അധികതുക നൽകുന്നു</u>

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ വൈദ്യുതിചാർജ്ജ് ഇനത്തിൽ ഓഡിറ്റ് വർഷത്തിൽ പ്രതിമാസം 74008/-രൂപ വീതം തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് വൈദ്യുതി ബോർഡിലേക്ക് ഒടുക്കിയിട്ടുണ്ട്. വൈദ്യുതി ബോർഡിൽ നിന്നും ഹാജരാക്കിയിട്ടുള്ള തെരുവ് വിളക്കുകളുടെ പത്രിക പ്രകാരം നിലവിൽ പ്രവർത്തിക്കുന്ന തെരുവ് വിളക്കുകളിൽ 40 വാട്ട്സിന്റെ 79-ഉം 100 വാട്ട്സിന്റെ 1 ഉം ഓർഡിനറി ബൾബുകളാണെന്ന് കണക്കാക്കിയാണ് വൈദ്യുതി ചാർജ്ജ് നിർണ്ണയിച്ചിട്ടുള്ളത്. എന്നാൽ ഓഡിറ്റ് വർഷത്തിലോ, മുൻ വർഷങ്ങളിലോ പഞ്ചായത്ത് ഓർഡിനറി ബൾബുകൾ വാങ്ങിയതായി രേഖകളില്ല. ഇതുസംബന്ധിച്ച് പഞ്ചായത്ത് കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുമില്ല.

പല തവണകളായി സാധാരണ ബൾബുകൾ മാറി സി.എഫ്.എൽ ആക്കിയിട്ടുണ്ടെങ്കിലും അവയൊന്നും ഇവിടെ കെ.എസ്.ഇ.ബിയുടെ കണക്കിൽ കാണുന്നില്ല. സാധാരണ ബൾബുകൾക്ക്, സമാനമായ പ്രകാശം ലഭിക്കുന്ന

സി.എഫ്.എൽ വിളക്കുകളേക്കാൾ വളരെ വലിയ തുകയാണ് വൈദ്യുത ചാർജ്ജാകുന്നത്. 40 വാട്ട്, 100 വാട്ട് സാധാരണ ബൾബുകളുടെ പ്രതിമാസ കറന്റ് ചാർജ്ജ് യഥാക്രമം 61/- രൂപ, 155/- രൂപ എന്നിങ്ങനെയാണ്. എന്നാൽ ഇതിലധികം പ്രകാശം ലഭിക്കുന്ന 15 വാട്ട്, 18 വാട്ട് സി.എഫ്.എൽ വിളക്കുകളുടെ കറന്റ് ചാർജ്ജ് യഥാക്രമം 9/-രൂപ, 12/- രൂപ എന്നിങ്ങനെയാണ് (KSEB Rate as on 01.12.2015). ഇതിൽ നിന്നും ഓരോ മാസവും വൻ തുകയാണ് ഗ്രാമപഞ്ചായത്തിന് കറന്റ് ചാർജ്ജിനത്തിൽ നഷ്ടപ്പെടുന്നത് എന്നു കാണാം. കൂടാതെ നിലവിൽ ഉയർന്ന വൈദ്യുത ഉപഭോഗമുള്ള വിളക്കുകൾ മാറ്റി തീരെ കുറഞ്ഞ വൈദ്യുത ഉപഭോഗമുള്ള വിളക്കുകൾ ഉപയോഗിച്ചാൽ കറന്റ് ചാർജ്ജ് നിലവിലുള്ളതിന്റെ ഭൂരിഭാഗവും ലാഭിക്കുവാൻ കഴിയുന്നതാണ്.

## 3-15 മാലിന്യസംസ്കരണ പദ്ധതികൾ കടലാസിലൊതുങ്ങി

2016-17 - ൽ എല്ലാ ഗ്രാമപഞ്ചായത്തുകളും മൊത്തം പദ്ധതി അടങ്കലിന്റെ പതിനഞ്ച് ശതമാനം തുക ഖരമാലിന്യ സംസ്കരണ പദ്ധതികൾക്കായി നീക്കിവയ്ക്കണം എന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. ഈ നിർദ്ദേശം മാനിച്ച് ഈ പഞ്ചായത്ത് വിഭാവനം ചെയ്ത രണ്ട് പദ്ധതികളും, പക്ഷെ, കടലാസിൽ മാത്രം ഒതുങ്ങി.

എ.പിഎൽ, ബി.പി.എൽ കുടുംബങ്ങൾക്ക് പൈപ്പ് കമ്പോസ്റ്റ് (പ്രോജക്ട് നമ്പർ. 122,അടങ്കൽ 1224000രൂപ), എ.പി.എൽ, ബി.പി.എൽ കുടുംബങ്ങൾക്ക് ബയോഗ്യാസ് പ്ലാന്റ് (പ്രോജക്ട് നമ്പർ. 123, അടങ്കൽ 735000) എന്നീ പദ്ധതികൾക്കാണ് ഒരു രൂപ പോലും ചെലവഴിക്കാതെ പോയത്. സർക്കാർ മാനദണ്ഡം പാലിക്കാനായി മാത്രം പദ്ധതി വയ്ക്കുകയും അത് പൂർണ്ണമായി ഉപേക്ഷിക്കുകയും ചെയ്യുന്നത് നിരുത്സാഹപ്പെടുത്തേണ്ടതാണ്. പഞ്ചായത്ത് വിവിധ താൽക്കാലിക രോഗപ്രതിരോധ ശുചീകരണ പ്രവൃത്തികൾക്കായി തൻവർഷം 626990/- രൂപ ചെലവ് ചെയ്തെങ്കിലും ദീർഘകാലത്തേക്ക് രോഗപ്രതിരോധ പ്രവർത്തനം സാദ്ധ്യമാക്കാനുതകുന്ന ഖരമാലിന്യനിർമ്മാർജ്ജനം അടക്കമുള്ളവയെ അവഗണിക്കുന്നതും പ്രോത്സാഹജനകമല്ല.

## 3-16 ദുരിതാശ്വാസ നിധി നിർജ്ജീവമായി തുടരുന്നു

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം പ്രകൃതി ദുരന്തം, രോഗാദി ദുരിതങ്ങൾ എന്നിവ മൂലം പ്രയാസമനുഭവിക്കുന്നവർക്ക് ആവശ്യഘട്ടങ്ങളിൽ കൈത്താങ്ങാകുവാൻ പഞ്ചായത്ത് ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ പേരിൽ കാനറ ബാങ്കിന്റെ പുന്നപ്ര ശാഖയിൽ ദുരിതാശ്വാസ നിധിയ്ക്കായി അക്കൗണ്ട് തുടങ്ങിയിട്ടുണ്ടെങ്കിലും ഓഡിറ്റ് വർഷം ആർക്കും തന്നെ ഇതിൽനിന്നും തുക അനുവദിച്ചിട്ടില്ല. (31.3.17-ലെ നീക്കിയിരുപ്പ്- 2369/- രൂപ) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ധാരാളം ജനങ്ങൾ ഉള്ള പ്രദേശത്ത് ദുരിതാശ്വാസ നിധിയിൽ നിന്നും ആനുകൂല്യങ്ങൾ അനുവദിക്കാത്തത് മാതൃകാപരമായ നടപടിയല്ല.

ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ അവബോധം നൽകി തുക അനുവദിക്കുകയും നിധിയിലേക്ക് തുക സ്വരൂപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്ക് പരിശോധന

പഞ്ചായത്തിന്റെ 2016-17 വാർഷിക കണക്കുകളുടെ സംക്ഷിപ്തം, കണക്കുകളിലെ അപാകങ്ങൾ എന്നിവ ചുവടെ ചേർക്കുന്നു.

### 1)റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട്

| | |
|---|---|
| മുന്നിരുപ്പ് | 21280060 |
| വരവ് | 57558431 |
| ആകെ | 78838491 |
| ചെലവ് | 50353235 |
| നീക്കിയിരുപ്പ് | 28485265 |

## അപാകങ്ങൾ

ക) പ്രൊഫഷണൽ ടാക്സ്, ഡി&ഒ ലൈസൻസ് ഫീസ് എന്നീ ഇനങ്ങളിലെ അരിയർ ഡിമാന്റ്, കളക്ഷൻ എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ RP 43 - യിൽ വരുന്ന ഈ ഇനങ്ങളുടേയും അഡ്വാൻസ് കളക്ഷൻ സംബന്ധിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തലില്ലാത്തതിനാൽ RP36 - ൽ വരുന്ന ഇനങ്ങളുടേയും കൃത്യത ഉറപ്പിക്കാൻ കഴിയുന്നില്ല.

ഖ) കെ.എസ്.എച്ച്.ബി.സി വഴി നിർമ്മിച്ച സാംസ്കാരിക നിലയത്തിന്റെ ചുറ്റമതിൽ നിർമ്മാണം പൂർത്തിയാക്കി പണം നൽകിയിട്ടും ഈ തുക അഡ്വാൻസായാണ് കാണിച്ചിരിക്കുന്നത്. സൃഷ്ടിക്കപ്പെടുന്ന സ്ഥാവര ആസ്തികളുടെ മൂല്യം ഫിക്സഡ് അസറ്റ് എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തപ്പെടുന്നില്ല.

## 2) ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ്

| | |
|---|---|
| ആദായം | 129471827 |
| വ്യയം | 126335415 |
| മൊത്ത ആദായം | 3136412 |
| പ്രയർ പീരീഡ് ഇനം- | (-) 347672 |
| അറ്റാദായം- | 3484085 |

അപാകങ്ങൾ

ക) പ്രോപ്പർട്ടി ടാക്സിന്റെ ഡിമാന്റ് (I1പട്ടിക ) സഞ്ചയ ഡിമാന്റുമായി പൊരുത്തപ്പെടുന്നില്ല.

## 3) ബാലൻസ് ഷീറ്റ്

ആസ്തി - 61755812

ബാദ്ധ്യത - 38815962

പഞ്ചായത്ത് ഫണ്ട് - 22939850

## അപാകങ്ങൾ

ക) 2016-17 ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള സർപ്ലസ് 31/3/16 ലെ പഞ്ചായത്ത് ഫണ്ടിനോട് കൂട്ടുന്ന തുകയാണ് 31/3/17 ലെ പഞ്ചായത്ത് ജനറൽ ഫണ്ടായി ബാലൻസ് ഷീറ്റിൽ വരേണ്ടത് (B1 ഷെഡ്യൂൾ). എന്നാൽ പഞ്ചായത്ത് ആഡിറ്റിൽ ഹാജരാക്കിയ ബാലൻഷീറ്റിൽ ഇവ തമ്മിൽ അന്തരമുണ്ട്. ഈ അന്തരം ഒഴിവാക്കിയാൽ ബാലൻസ് ഷീറ്റ് ടാലിയാകാതെ വരുന്നു.

ഖ) ഒ.ഡി.എഫ് - ന് വേണ്ടി പ്ലാൻഫണ്ടിൽ നിന്ന് 1968000/- രൂപയും എസ്.സി.പി ഫണ്ടിൽ നിന്ന് 204000/-രൂപയും വകമാറ്റി. ഇവയിൽ യഥാക്രമം 477840, 44880/- രൂപ 31/3/17 - ൽ തിരികെ ലഭിക്കാൻ ബാക്കി നിൽക്കുന്നു. ഒ.ഡി.എഫ് - നായി വകമാറ്റി തിരികെ ലഭിക്കാൻ ബാക്കിയുള്ള തുക ഗ്രാന്റ് & കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക് പർപ്പസ് എന്ന ശീർഷകത്തിൽ (B4 ഷെഡ്യൂൾ) ഒരു ബാദ്ധ്യതയായി നിലനിർത്തി റിസീവബിൾസിൽ ഒരു ആസ്തിയായി കാണിക്കേണ്ട താണ്. ഇത് ചെയ്തിട്ടില്ല.

ഗ) ലൈസൻസ് ഫീസ് ഉൾപ്പടെ രണ്ട് വർഷത്തിലധികമായി കുടിശ്ശികയുണ്ടെങ്കിലും ഇത് ഉൾപ്പെടുന്ന റിസീവബിൾസ് എന്ന ആസ്തിക്ക് പ്രൊവിഷൻ നൽകിയിട്ടില്ല.

ഘ) ബാലൻസ് ഷീറ്റിൽ ഫിക്സഡ് അസറ്റ് ആയി കാണിച്ചിരിക്കുന്ന തുക കൃത്യമല്ല. പഞ്ചായത്തിന്റെ തൻവർഷം ആർജ്ജിച്ച ആസ്തികളൊന്നും ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇവ ക്യാപ്റ്റൽ കോൺട്രിബ്യൂഷൻ എന്ന ആസ്തിയായാണ് ചേർത്തിട്ടുള്ളത്. ഇവ ഇനം തിരിച്ച് രേഖപ്പെടുത്താത്തത് നിമിത്തം ഡിപ്രീസിയേഷനും കണക്കാക്കുന്നില്ല. മുൻവർഷം അക്കൗണ്ട്സിൽ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രൊഗ്രസ് ആയി കാണിച്ച മൂല്യത്തിൽ പൂർത്തിയായ വർക്കിന്റെ മൂല്യം ഫിക്സഡ് അസറ്റിനോട് ചേർത്തിട്ടില്ല. ഇത് മൂലം ആസ്തിമൂല്യം വർദ്ധിച്ച് കാണാനിടയാകുന്നു.

ങ) സാംഖ്യ അക്കൗണ്ടിംഗ് സമ്പ്രദായം ആരംഭിക്കുന്നതിന് മുൻപുള്ള ആസ്തിമൂല്യം ഉൾപ്പെടുത്തിയിട്ടില്ല.

## 4-2. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 223090 | പാലിയേറ്റീവ് കെയർ | 223090 | -- |
| | | 125000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 125000 | -- |
| ജില്ലാ പഞ്ചായത്ത് | | 250000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 250000 | -- |

## 4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് ലൈൻ ദീർഘിപ്പിക്കൽ | 21601038/31.3.17 | 298870 | 0 | 298870 |
| | ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | 21600923/14.3.17 | 99715 | 0 | 99715 |
| | | 21600951/14.3.17 | 200000 | 0 | 200000 |
| കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് | സാംസ്കാരിക നിലയം കോമ്പൗണ്ട് വാൾ | 21600950/20.3.17, 21600961/22.3.17 | 136043 | 0 | 136043 |
| | പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം | 21600994/ 29.03.2017 | 1400000 | 0 | 1400000 |

## 4-4. മൊബിലൈസേഷൻ അഡ്വാൻസ്

--ഇല്ല--

## 4-5. വായ്പ/വായ്പ തിരിച്ചടവ്

--ഇല്ല--

## 4-6. സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-7. ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര്, ഉദ്യോഗപ്പേര് | രസീത് നമ്പർ |
|---|---|---|---|
| 2007-08 | 1286 | പൊന്നമ്മ, എ.ഇ | 11601102002/ 03/10/16 |

## 4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

--ഇല്ല--

## 4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 57558431 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 50353235 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 166994 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2057094 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 27000 | ശ്രീ.വി.ജെ.പോൾ, സെക്രട്ടറി |
| 3-4 | | 69119 | ശ്രീമതി. ഷൈന ഹാഷിം, അസിസ്റ്റന്റ് എൻജിനീയർ |
| 3-5 | | 56563 | ശ്രീമതി. ഷൈന ഹാഷിം, അസിസ്റ്റന്റ് എൻജിനീയർ |
| 3-6 | | 5765 | ശ്രീമതി. ഷൈന ഹാഷിം, അസിസ്റ്റന്റ് എൻജിനീയർ |
| 3-9(1) | | 3250 | ശ്രീമതി. ഷൈന ഹാഷിം, അസിസ്റ്റന്റ് എൻജിനീയർ |
| 3-9(2) | | 4297 | |
| 3-11 | | 1000 | ശ്രീ.വി.ജെ.പോൾ, സെക്രട്ടറി |
| ആകെ | | 166994 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 298870 | ശ്രീ.വി.ജെ.പോൾ, സെക്രട്ടറി |
| 3-3 | 163888 | ഡോ.കെ.രാധാകൃഷ്ണൻ, മെഡിക്കൽ ഓഫീസർ, അലോപ്പതി<br>ശ്രീ.വി.ജെ.പോൾ, സെക്രട്ടറി |
| 3-4 | 60045 | ശ്രീമതി. ഷൈന ഹാഷിം, അസിസ്റ്റന്റ് എൻജിനീയർ |
| 3-5 | 70791 | ശ്രീമതി. ഷൈന ഹാഷിം,അസിസ്റ്റന്റ് എൻജിനീയർ |
| 3-7 | 63500 | ശ്രീമതി. നജ് ല നബീസത്ത്, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-10 | 1400000 | ശ്രീമതി. ഷൈന ഹാഷിം,അസിസ്റ്റന്റ് എൻജിനീയർ |
| ആകെ | 2057094 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 2-1, 3-1

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.വി.ജെ.പോൾ, സെക്രട്ടറി | സെക്രട്ടറി, പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത് | വട്ടത്തിൽ, വട്ടയാൽ, തിരുവമ്പാടി. പി.ഒ, ആലപ്പുഴ-2 |
| ശ്രീമതി. ഷൈന ഹാഷിം,<br>അസി. എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ, പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത് | കുന്നിവിള, കുരക്കാണി, വർക്കല പി.ഒ, തിരുവനന്തപുരം |
| നജ്‌ല നബീയത്ത്, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത് | ആഷിയാന, ലജനത്ത് വാർഡ്, ആലപ്പുഴ -1 |
| ഡോ.കെ.രാധാകൃഷ്ണൻ, മെഡിക്കൽ ഓഫീസർ, അലോപ്പതി | മെഡിക്കൽ ഓഫീസർ, അലോപ്പതി, പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത് | അത്തിമുറ്റം, വെളിയനാട്, ചങ്ങനാശ്ശേരി |

## 4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2002-2003 | എൽ.എഫ്.എ5/1832/11,23.01.2012 |
| 2003-04 | എൽ.എഫ്.എ5/1832/11,23.01.2012 |
| 2004-05 | എൽ.എഫ്.എ5/1832/11,23.01.2012 |
| 2005-06 | എൽ.എഫ്.എ5/1832/11,23.01.2012 |
| 2006-07 | എൽ.എഫ്.എ9/1287/2008, 17.07.2009/11.09.2009 |
| 2007-08 | എൽ.എഫ്.എ9/1288/2009, 17.04.2010/17.06.2011 |
| 2008-09 | എൽ.എഫ്.പി4/1307/2010, 27.04.2011/30.04.2011 |
| 2009-10 | എൽ.എഫ്.പി4/ 1308/2010, 27.04.2011/30.04.2011 |
| 2010-11 | എൽ.എഫ്.പി 8 /231/2012, 09.08.2012/ 22.09.2012 |
| 2011-12,2012-13 | എൽ.എഫ്.പി 8/995/2013, 17.02.14/09.04.14 |
| 2013-14 | എൽ.എഫ്.പി8/1509/2014, 21.10.14/06.01.15 |

| | |
|---|---|
| 2014-15 | കെ.എസ്.എ/എ.എൽ.പി/പി8-850/16, 1/8/2016 |
| 2015-16 | കെ.എസ്.എ/എ.എൽ.പി/പി8 40/17, 19/1/17 – 2/2/17 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

നം. കെ.എസ്.എ-എ.എൽ.പി-പി8-1174/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്,ആലപ്പുഴ.
തീയതി. 19.09.2017

## <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഭാഗം 4 ഖണ്ഡിക 1ൽ കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്,ആലപ്പുഴ

No. KSA-ALP-P8-1174/2017

Kerala State Audit Department,
District Audit Office,Alappuzha.
Date: 19.09.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Punnapra North Grama Panchayat in Alappuzha District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of panchayats.

In my opinion, the Financial Statements of Punnapra North Grama panchayat for the year 2016-17 except the observations in part 4-1 of the audit report properly presents the picture of income and expenditure.

Deputy Director
Kerala State Audit Department
District Auditt Office, Alappuzha